*22-06-2026*
*Submission*

**സബ്മിഷൻ**

പോലീസ് മർദ്ദനം

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, തൃശ്ശൂർ ജില്ലയിൽ പുതുക്കാട് നിയോജകമണ്ഡലത്തിൽ നെന്മണിക്കര വില്ലേജിൽ പുലക്കാട്ടുകര ദേശത്ത് പടിഞ്ഞാറേപുരയ്ക്കൽ വീട്ടിൽ ശ്രീ. ബാബുവിന്റെ മകൻ രേഷ് ബാബു എന്ന മാനസിക വെല്ലുവിളി നേരിടുന്ന യുവാവിനെ 16-05-2026-ന് തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നം. 671/26 പ്രകാരം കേസ് ചാർജ്ജ് ചെയ്യുകയും 17-05-2026-ന് കോടതി റിമാൻഡ് ചെയ്യുകയുമുണ്ടായി. 26-05-2026-ന് തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഹാജരാക്കിയ രേഷ് ബാബു 03-06-2026-ന് മരണമടയുകയുണ്ടായി. തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽവച്ചോ വിയ്യൂർ ജയിലിൽവച്ചോ ഏറ്റ ക്രൂരമായ മർദ്ദനംമൂലമാണ് തന്റെ മകൻ കൊല്ലപ്പെട്ടതെന്ന് ആരോപിച്ച് രേഷ് ബാബുവിന്റെ പിതാവ് തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർക്ക് പരാതി നൽകിയിരുന്നു. രേഷ് ബാബുവിന്റെ ദുരൂഹമരണം അന്വേഷിക്കുന്നതിനും മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തിക്ക് കിട്ടേണ്ട മിനിമം പരിഗണനപോലും നൽകാതെ മരണത്തിലേക്ക് തള്ളിവിട്ട ക്രൂരമായ നടപടി പരിശോധിക്കണമെന്നും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും രേഷ് ബാബുവിന്റെ നിർധന കുടുംബത്തിന് സർക്കാർ ധനസഹായം അനുവദിക്കണമെന്നുമുള്ള അപേക്ഷ ഈ സബ്മിഷനിലൂടെ ഞാൻ ഈ സഭയിൽ ഉന്നയിക്കുന്നു.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട കെ. കെ. രാമചന്ദ്രൻ എം.എൽ.എ. ഉന്നയിച്ച സബ്മിഷനെക്കുറിച്ച് ഞങ്ങൾ വിശദമായ പരിശോധന നടത്തുകയുണ്ടായി. തൃശ്ശൂർ ജില്ലയിലെ അവിണിശ്ശേരി സ്വദേശി നാസർ ഖാനെ 2026 മെയ് മാസം 16-ന് രാത്രി 10.30-ഓടുകൂടി ശക്തൻ സ്റ്റാൻഡിന് സമീപം വച്ച് നാലുപേർ തടഞ്ഞുനിർത്തി ദേഹോപദ്രവം ഏൽപ്പിക്കുകയും കൈവശമുണ്ടായിരുന്ന മൊബൈൽ ഫോൺ, റിസ്റ്റ് വാച്ച്, പണമടങ്ങിയ പേഴ്സ് തുടങ്ങിയവ ബലമായി കവർച്ച ചെയ്യുകയുമുണ്ടായി. അദ്ദേഹത്തിന്റെ പരാതിയിൽ തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ അന്നേ ദിവസം ക്രൈം നം. 671/26 ആയി കേസ് രജിസ്റ്റർ ചെയ്യുകയും കേസിന്റെ വിശദമായ

*22-06-2026*
*Submission*

അന്വേഷണത്തെത്തുടർന്ന് ചേലക്കര സ്വദേശി അഖിൽ, നെന്മണിക്കര സ്വദേശി രേഷ് ബാബു, പൂച്ചെട്ടി സ്വദേശി ബിനീഷ്, വടക്കാഞ്ചേരി സ്വദേശി കൃഷ്ണപ്രസാദ് എന്നീ നാലുപേരെ 17-05-2026 രാത്രി 9 മണിയോടെ നിയമാനുസൃതമായി അറസ്റ്റ് ചെയ്യുകയും ചെയ്തു. അന്നേദിവസം രാത്രി 11.55-ന് തൃശ്ശൂർ ജനറൽ ആശുപത്രിയിൽ എത്തിച്ച് വൈദ്യപരിശോധന നടത്തിയിട്ടുള്ളതും തുടർന്ന് 18-05-2026 ഉച്ചയ്ക്ക് 2.30-ഓടുകൂടി വീണ്ടും തൃശ്ശൂർ ജനറൽ ആശുപത്രിയിൽ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കിയശേഷം 4.11-ന് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കുകയുണ്ടായി. ഈ പ്രതികളെ കോടതി റിമാൻഡ് ചെയ്തതിനെത്തുർന്ന് അന്നേദിവസം 5.40-ന് രേഷ് ബാബുവിനെ തൃശ്ശൂർ ജനറൽ ആശുപത്രിയിൽ എത്തിച്ച് വൈദ്യപരിശോധനയ്ക്ക് വിധേയമാക്കിയശേഷം 6.30-ഓടുകൂടി അദ്ദേഹത്തെ വിയ്യൂർ ജില്ലാ ജയിലിൽ ആർ.പി. 477/26 ആയി തടവിൽ പാർപ്പിക്കുകയാണ് ഉണ്ടായത്. ജയിലിൽ അഡ്മിഷൻ എടുക്കുന്ന സമയം വാറന്റിലോ ഹെൽത്ത് സ്ക്രീനിങ് റിപ്പോർട്ടിലോ അദ്ദേഹത്തിന് ചികിത്സ നൽകണമെന്നുള്ള അറിയിപ്പോ ദേഹപരിശോധനയിൽ ശരീരത്തിൽ പരിക്കുകളോ ഉണ്ടായിരുന്നില്ല. തുടർന്ന് 26-05-2026-ൽ ഏകദേശം 12 മണിയോടുകൂടി സെല്ലിൽ പാർപ്പിച്ചിരുന്ന രേഷ് ബാബുവിന് ദേഹാസ്വാസ്ഥ്യം ഉണ്ടായതിനെത്തുടർന്ന് തൃശ്ശൂർ ജനറൽ ആശുപത്രിയിൽ ചികിത്സയ്ക്കായി എത്തിക്കുകയും തുടർ ചികിത്സാർത്ഥം ഇദ്ദേഹത്തെ തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലേക്ക് എത്തിക്കുകയും ചെയ്തു. മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കപ്പെട്ട രേഷ് ബാബുവിനെ ആദ്യം ജനറൽ മെഡിസിൻ കാഷ്വാലിറ്റി വിഭാഗത്തിലും തുടർന്ന് മെഡിക്കൽ ഐ.സി.യു.-വിലേക്കും മാറ്റുകയും ബന്ധുക്കളെ വിവരം അറിയിച്ചതിനെത്തുടർന്ന് രാത്രി 9 മണിയോടെ ഇദ്ദേഹത്തിന്റെ മാതാപിതാക്കൾ ആശുപത്രിയിൽ എത്തുകയും ചെയ്തു. 26-05-2026 മുതൽ 29-05-2026 വൈകുന്നേരം 4 മണിവരെ ജയിൽ ഉദ്യോഗസ്ഥരാണ് ആശുപത്രി സർവേലൻസ് ഡ്യൂട്ടിയിൽ ഉണ്ടായിരുന്നത്. രേഷ് ബാബു മെഡിക്കൽ കോളേജിൽ ഐ.സി.യു-വിൽ ചികിത്സയിലിരിക്കെ പരിചരിക്കാനായി സമീപത്തുണ്ടായിരുന്ന അദ്ദേഹത്തിന്റെ അമ്മയേയും സഹോദരിയേയും എം.ഐ.സി.യു.-വിലേക്ക് ചികിത്സിച്ചിരുന്ന ഡോക്ടർ വിളിപ്പിക്കുകയും അദ്ദേഹത്തെ അവർ എം.ഐ.സി.യു.-വിൽ വച്ച്

കണ്ടിട്ടുള്ളതുമാണ്. എം.ഐ.സി.യു.-വിൽ രേഷ് ബാബു അബോധാവസ്ഥയിലായിരുന്നതിനാൽ മെഡിക്കൽ കോളേജിലെ ഡോക്ടറുടെ നിർദേശാനുസരണമാണ് ജീവൻരക്ഷാ ഉപകരണങ്ങൾ ഘടിപ്പിച്ചിരുന്നത്. പ്രസ്തുത കാര്യം ഡോക്ടർ മൊഴി നൽകി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിയ്യൂർ പോലീസ് സ്റ്റേഷൻ ക്രൈം നം. 461/26 U/S 194 BNSS പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കൂടാതെ തൃശ്ശൂർ ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറി, മധ്യമേഖല ഡി.ഐ.ജി. എന്നിവർ ജയിൽ സന്ദർശിച്ച് തടവുകാരുടെ മൊഴിയടക്കം രേഖപ്പെടുത്തിയിട്ടുണ്ട്. രേഷ് ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് പിതാവ് ശ്രീ. ബാബു ജില്ലാ പോലീസ് മേധാവിക്ക് 03-06-2026-ൽ ഒരു പരാതി നൽകിയതിനെക്കുറിച്ച് പത്രവാർത്ത വന്നതിനെത്തുടർന്ന് തുടരന്വേഷണത്തിന് തൃശ്ശൂർ അസിസ്റ്റന്റ് പോലീസ് കമ്മീഷണർക്ക് കൈമാറുകയുണ്ടായി. ശരിയായ അന്വേഷണം അക്കാര്യത്തിൽ നടത്തും. ജയിലിൽ വച്ച് അദ്ദേഹത്തിന് മർദ്ദനമുണ്ടായിട്ടുണ്ടെങ്കിൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമെന്ന് ഞാൻ നേരത്തെ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. കെ. കെ. രാമചന്ദ്രന് അക്കാര്യത്തിൽ ഉറപ്പ് നൽകുന്നു.

<u>(2) തോട്ടപ്പള്ളി സ്പിൽവേ നിർമ്മാണം</u>

<u>ശ്രീ. ജി. സുധാകരൻ</u>: സർ, മധ്യതിരുവിതാംകൂറിലെ പ്രധാന ജലനിർഗമന മാർഗമായ ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ തോട്ടപ്പള്ളിയിലെ സ്പിൽവേയുടെ ഷട്ടറുകൾ അങ്ങേയറ്റം പരിതാപകരമാംവിധം തുരുമ്പിച്ച് കേടായി ജലനിർഗമനത്തിന് വലിയ തടസങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. എറണാകുളത്ത് നിന്ന് വരുന്ന ജലം വേമ്പനാട്ട് കായലിൽ പ്രവേശിച്ച് കുട്ടനാടിലെയും വീയ്യപുരത്തെയും ജലവുമായി ചേർന്നാണ് തോട്ടപ്പള്ളി സ്പിൽവേയിലൂടെ ഒഴുകി പോകുന്നത്. ഈ ഒഴുക്ക് ശക്തമായി ഉണ്ടായാൽ മാത്രമേ അഴിമുഖത്ത് അടിഞ്ഞുകിടക്കുന്ന മണൽ മാറി കടലിലേക്കുള്ള ജലത്തിന്റെ ഒഴുക്ക് സുഖമമാകുകയുള്ളൂ. എന്നാൽ ഷട്ടറുകളുടെ കേടുപാടുകൾ കാരണമത് സംഭവിക്കുന്നില്ല. ആകെയുള്ള 40 ഷട്ടറുകളിൽ 20 എണ്ണം ഇപ്പോൾ തുറന്നിട്ടുണ്ട്, ആവശ്യാനുസരണമവ തുറന്നുകൊണ്ടേയിരിക്കേണ്ടതിനാൽ അതിനാവശ്യമായ ഉത്തരവുകളും നൽകേണ്ടതുണ്ട്.

*22-06-2026*
*Submission*

നിലവിലുള്ള ഷട്ടറുകൾക്ക് വളരെയേറെ കാലപ്പഴക്കമുണ്ട്. പലതവണ അറ്റകുറ്റപ്പണികൾ ചെയ്തിട്ടും അവ വീണ്ടും കേടാകുന്നതിനാൽ നിലവിലുള്ള ഷട്ടറുകൾ ഉപേക്ഷിച്ച് പുതിയ ശാസ്ത്രസാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്പിൽവേ നിർമ്മിക്കേണ്ടത് മധ്യതിരുവിതാംകൂറിന്റെ മൊത്തത്തിലുള്ള ജലനിർഗമനത്തിന് ആവശ്യമാണെന്നുള്ള കാര്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 40 ഷട്ടറുകൾ ആവശ്യാനുസരണം ഉയർത്തുന്ന കാര്യം ജില്ലാ കളക്ടർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർഥിക്കുന്നു. ഇത് ഞാൻ പ്രതിനിധാനം ചെയ്യുന്ന നിയോജകമണ്ഡലത്തിന്റെ മാത്രമാവശ്യമല്ല മറിച്ച് തിരുവിതാംകൂറിന്റെ മൊത്തത്തിലുള്ള ആവശ്യമാണെന്നും അത്ര പ്രധാനപ്പെട്ടതാണ് ഈ സ്പിൽവേ എന്ന കാര്യവും ഞാൻ ശ്രദ്ധയിൽപ്പെടുത്തുന്നു.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): മാഡം ഡെപ്യൂട്ടി സ്പീക്കർ, ബഹുമാനപ്പെട്ട മുൻമന്ത്രിയും എം.എൽ.എ.-യുമായ ശ്രീ. ജി. സുധാകരൻ ഉന്നയിച്ച, പുതിയ തോട്ടപ്പള്ളി സ്പിൽവേ നിർമ്മിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുള്ളതാണ്. നിലവിലുള്ള തോട്ടപ്പള്ളി സ്പിൽവേയുടെ ആകെ 40 ഷട്ടറുകളിൽ 39 ഷട്ടറുകൾ പ്രവർത്തനക്ഷമമാണ്. വേലിയേറ്റം, വേലിയിറക്കം, നദിയിൽനിന്ന് സ്പിൽവേയിലേക്ക് ഒഴുകിയെത്തുന്ന വെള്ളത്തിന്റെ അളവ് എന്നിവ പരിശോധിച്ച് ഉയർത്തേണ്ട ഷട്ടറുകളുടെ എണ്ണം നിശ്ചയിച്ചാണ് നീരൊഴുക്ക് ക്രമീകരിച്ചുവരുന്നത്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ജില്ലാ കളക്ടർമാർ മോണിറ്റർ ചെയ്താണ് സമയബന്ധിതമായി ഇക്കാര്യങ്ങൾ നടപ്പാക്കാറുള്ളത്. ഈ വിഷയം അതീവ ഗൗരവമായിത്തന്നെ ഗവൺമെന്റ് കാണണമെന്ന് അദ്ദേഹം പറഞ്ഞത് പൂർണ്ണമായും സർക്കാർ അംഗീകരിക്കുകയാണ്. ആവശ്യമായ തുടർ നടപടികൾ തീർച്ചയായുമുണ്ടാകും. നിലവിലെ സ്പിൽവേയുടെ അപ്സ്ട്രീം ഭാഗത്തായി പുതിയ സ്പിൽവേ നിർമ്മിക്കണമെന്നതാണ് അദ്ദേഹം ഉന്നയിച്ച പ്രധാനപ്പെട്ട ആവശ്യം. ഡിപ്പാർട്ടുമെന്റ് പുതിയ സ്പിൽവേയുടെ ഇൻവെസ്റ്റിഗേഷൻ സ്റ്റഡി നടത്തിയിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് പുതിയ സ്പിൽവേയുടെ ഡിസൈൻ തയ്യാറാക്കുന്നതിനായി ഐ.ഡി.ആർ.ബി.-യിലേക്ക് കൈമാറിയിരിക്കുകയാണ്. ഫീൽഡ് ഓഫീസർമാരുമായി ചർച്ച ചെയ്ത് ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നിലവിലുള്ള ഷട്ടറിന്റെ ഉയരം 50 സെ.മീ. വർധിപ്പിക്കുന്നതിനും മറ്റ് അനുബന്ധ

*22-06-2026*
*Submission*

പ്രവൃത്തികൾക്കുമായി 31-03-2023-ൽ ജി.ഒ. (ആർ.ടി.) 352 നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. " Improvement of Thottappally spillway- Rectification of damaged grooves of each bay of shutters including replacement of corner angles, rubber seals, and increasing shutter height" എന്ന ജനറൽ മെക്കാനിക്കൽ വർക്കിന്റെ ഉത്തരവിലൂടെ 16 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിരുന്നത്. എന്നാൽ 70 വർഷം പഴക്കമുള്ള സിവിൽ സ്ട്രക്ച്ചർ ആയതിനാൽ അണ്ടർ വാട്ടർ സ്റ്റഡി നടത്തി സ്ട്രക്ച്ചറിന്റെ നിലവിലെ സ്ഥിതി മനസ്സിലാക്കി മാത്രമേ പ്രവൃത്തി നടപ്പാക്കാവൂ എന്ന നിബന്ധന ഭരണാനുമതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അണ്ടർ വാട്ടർ സ്റ്റഡി നടത്തുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും കരാർ ഉടമ്പടി വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മെക്കാനിക്കൽ പ്രവൃത്തികളിലെ വ്യതിയാനം കാരണവും കാലാനുസൃതമായ ഡി.എസ്.ആർ. വിഷൻ മൂലവും ഭരണാനുമതിത്തുക നിലവിൽ 23.6 കോടി രൂപയായി പുതുക്കിയ നിരക്കിൽ കണക്കാക്കിയിരിക്കുകയാണ്. കൂടാതെ പ്രസ്തുത ഭരണാനുമതിയുടെ കാലാവധി 31-03-2026-ൽ അവസാനിച്ചതായാണ് കാണുന്നത്. പദ്ധതി നടത്തിപ്പിന് മുന്നോടിയായുള്ള അണ്ടർ വാട്ടർ സ്റ്റഡി പൂർത്തീകരിച്ച് സിവിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഉടനെ ലഭ്യമാക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ജനറേറ്റർ റൂമിനുള്ള സ്ഥലം കണ്ടെത്തി പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിൽനിന്നും ഡി.എസ്.ആർ. 2001 പ്രകാരമുള്ള ഇലക്ട്രിക്കൽ എസ്റ്റിമേറ്റ് കൂടി എത്രയുംപെട്ടെന്ന് പുതുക്കി നൽകാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിരിക്കുകയാണ്. ഇക്കാര്യങ്ങളെല്ലാം ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ ഇപ്പോൾ അന്തിമ ഘട്ടത്തിലാണ്. പുതിയ തോട്ടപ്പള്ളി സ്പിൽവേ നിർമ്മാണത്തിനുള്ള നടപടികൾ സർക്കാർ ത്വരിതപ്പെടുത്തുമെന്ന് അങ്ങയെ അറിയിക്കുന്നു. കുട്ടനാട്, അപ്പർ കുട്ടനാട് പ്രദേശങ്ങളുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ് തോട്ടപ്പള്ളി സ്പിൽവേയുമായി ബന്ധപ്പെട്ടുള്ളതെന്ന് അങ്ങ് ചൂണ്ടിക്കാണിച്ചത് പൂർണ്ണമായും ശരിയാണ്. അതുകൊണ്ടുതന്നെ തോട്ടപ്പള്ളിയിൽ നിലവിലുള്ള സ്പിൽവേയുടെ കാലപ്പഴക്കം പരിശോധിക്കുന്നതിന് സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. ജലനിർഗമനത്തിന് പര്യാപ്തമല്ലെന്ന് അങ്ങ് ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾ സർക്കാർ ഗൗരവമായി പരിശോധിക്കുന്നതും ജലനിർഗമനം സുഗമമാക്കുന്നതിനും അഴിമുഖം പൂർണ്ണമായും

ഇറക്കാനും നടപടി സ്വീകരിക്കുന്നതിന് കർശന നിർദേശം നൽകുന്നതുമാണ്. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളുപയോഗിച്ച് പുതിയ നിർമ്മാണ പ്രവർത്തനങ്ങളും നവീകരണ നടപടികളും തോട്ടപ്പള്ളി സ്പിൽവേയുമായി ബന്ധപ്പെട്ട കാര്യത്തിൽ നടപ്പാക്കണമെന്ന അങ്ങയുടെ ആവശ്യം ഇനിയുള്ള വർക്കിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നിർദേശം നൽകുന്നതായിരിക്കും.

<u>ശ്രീ. സജി ചെറിയാൻ</u>: മാഡം ഡെപ്യൂട്ടി സ്പീക്കർ, ലീഡിങ് ചാനലിന്റെ കാര്യംകൂടി പരിഗണിക്കുമോ?

<u>ശ്രീ. മോൻസ് ജോസഫ്</u>: മാഡം ഡെപ്യൂട്ടി സ്പീക്കർ, ലീഡിങ് ചാനലിന്റെ കാര്യം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കുട്ടനാട് എം.എൽ.എ.-യും അനുബന്ധ വിഷയങ്ങൾ പറഞ്ഞിട്ടുണ്ട്. ഗൗരവമായ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ട മന്ത്രിമാരുടെ സാന്നിധ്യത്തിൽ എം.എൽ.എ.-മാരുടെ ഒരു യോഗം വിളിച്ച് ചേർക്കുന്നതാണെന്നുകൂടി അറിയിക്കുന്നു.

(3) <u>മഞ്ചേശ്വരം മണ്ഡലത്തിലെ തീരപ്രദേശങ്ങളുടെ സംരക്ഷണം</u>

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: മാഡം ഡെപ്യൂട്ടി സ്പീക്കർ, മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കർണ്ണാടക അതിർത്തി മുതൽ മൊഗ്രാൽ വരെയുള്ള തീരദേശങ്ങളിലെ അതിരൂക്ഷമായ കടൽക്ഷോഭത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി എൻ.സി.സി.ആർ. പഠനത്തിന്റെ അടിസ്ഥാനത്തിൽ ലോക ബാങ്ക് ധനസഹായ പദ്ധതിയിലും മിഷൻ ഡയറക്ടറേറ്റിന്റെ പരിധിയിലും മണ്ഡലത്തെ ഉൾപ്പെടുത്തി പ്രത്യേക പാക്കേജ് നടപ്പാക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കേരളത്തിന്റെ വടക്കേ അറ്റത്ത് കർണ്ണാടക അതിർത്തിയോട് ചേർന്നുകിടക്കുന്ന മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ദൈർഘ്യമേറിയ തീരദേശമാണുള്ളത്. സാധാരണക്കാരായ മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ് ഇവിടെ കൂടുതലായും താമസിക്കുന്നത്. മഞ്ചേശ്വരത്തെ കണ്വതീർത്ഥ, മുസോടി, ഉപ്പള, ശാരദ നഗർ, ഹനുമാൻ നഗർ, പെരിങ്ങടി, ഷിറിയ, കുമ്പളകൊയ്പാടി കടപ്പുറം, പെർവാട് കടപ്പുറം, മൊഗ്രാൽ, കൊപ്പളം തുടങ്ങിയ തീരദേശ മേഖലകളിൽ നിലവിൽ കടലാക്രമണം അഭൂതപൂർവമായ രീതിയിൽ രൂക്ഷമായിരിക്കുകയാണ്. മുൻകാലങ്ങളിലുണ്ടായ കടൽക്ഷോഭങ്ങളിൽ നിരവധി വീടുകളും ആരാധനാലയങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും കടലെടുത്ത് പോയിട്ടുണ്ട്. നിലവിൽ ഒട്ടനവധി

വീടുകൾ തകർച്ചാഭീഷണിയിലാണ്. സർവവും നഷ്ടപ്പെട്ട പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കൃത്യമായ നഷ്ടപരിഹാരം ലഭ്യമാകാതെ തുച്ഛമായ ധനസഹായത്തിനായി ഓഫീസുകൾ കയറിയിറങ്ങേണ്ടിവരുന്ന അവസ്ഥ തികച്ചും ദയനീയമാണ്. കടൽക്ഷോഭം തടയുന്നതിനായി കോടികൾ ചെലവിട്ട് നടപ്പാക്കിയ ജിയോബാഗ് ഉപയോഗിച്ചുള്ള താൽക്കാലിക സംവിധാനങ്ങളും മുൻകാലങ്ങളിൽ നടത്തിയ കടൽ ഭിത്തികളുടെ അറ്റകുറ്റപ്പണികളും ഒരു വർഷംപോലും നിലനിൽക്കാതെ ശക്തമായ കടൽക്ഷോഭത്തിൽ തകർന്നിരിക്കുകയാണ്. തീരദേശ മേഖലയിലെ കടൽക്ഷോഭത്തിന് ശാശ്വത പരിഹാരം കാണാൻവേണ്ടി സർക്കാർ രൂപീകരിച്ച പ്രത്യേക മിഷൻ ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ ഉത്തര കേരളത്തിലേക്ക് വ്യാപിപ്പിക്കേണ്ടതായിട്ടുണ്ട്. ലോക ബാങ്കിന്റെ സഹായത്തോടെയുള്ള തീരസംരക്ഷണ പദ്ധതിയിൽ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഈ പ്രദേശത്തെ ഉൾപ്പെടുത്താത്തതിനാൽ ജനങ്ങൾ കടുത്ത ആശങ്കയിലാണ്. കൂടാതെ അതിരൂക്ഷമായ കടലാക്രമണംമൂലം മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ നിരവധി പ്രധാന തീരദേശ റോഡുകളാണ് പൂർണ്ണമായും തകർന്നിട്ടുള്ളതെന്നും ഇത് ജനങ്ങളുടെ യാത്രാ സൗകര്യങ്ങളെയും മത്സ്യബന്ധന മേഖലയെയും സ്തംഭിപ്പിച്ചിരിക്കുകയാണെന്നും ബോധ്യപ്പെടുത്തുകയാണ്. മഞ്ചേശ്വരം തീരത്തിന്റെ സവിശേഷമായ ഭൂപ്രകൃതി മനസ്സിലാക്കി ഒരു ശാശ്വത പരിഹാരം കാണുന്നതിനായി National Centre for Coastal Research (NCCR) പോലെയുള്ള പ്രമുഖ ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളെക്കൊണ്ട് അടിയന്തരമായി പഠനം നടത്തി പുതിയ പദ്ധതികൾ ആവിഷ്കരിക്കണമെന്നും ലോക ബാങ്ക് ധനസഹായത്താലുള്ള തീരദേശ സംരക്ഷണ പദ്ധതികളിൽ മഞ്ചേശ്വരം മണ്ഡലത്തെക്കൂടി ഉൾപ്പെടുത്തണമെന്നും തീരസംരക്ഷണത്തിനായി രൂപീകരിച്ച മിഷൻ ഡയറക്ടറേറ്റും സർക്കാരിന്റെ ഇറിഗേഷൻ വകുപ്പും ഏകോപിപ്പിച്ചുകൊണ്ട് മഞ്ചേശ്വരം തീരത്ത് ടെട്രാപോഡ് പോലുള്ള മികച്ച പ്രതിരോധ പദ്ധതികൾ നടപ്പാക്കണമെന്നും തകർന്നുപോയ തീരദേശ റോഡുകളുടെ പുനർനിർമ്മാണത്തിനായി പ്രത്യേക പാക്കേജിലൂടെ അടിയന്തര ഫണ്ട് ലഭ്യമാക്കണമെന്നും കടലാക്രമണത്തിൽ വീടുകളും ജീവനോപാധികളും നഷ്ടപ്പെട്ട പാവപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സമയബന്ധിതമായി നഷ്ടപരിഹാരം ഉറപ്പാക്കാൻ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഞാൻ കഴിഞ്ഞ ദിവസം ആ പ്രദേശം സന്ദർശിച്ചിരുന്നു. മഴക്കാലം വരുമ്പോൾ

അവിടെയുള്ള ജനങ്ങൾ വലിയ ആശങ്കയിലാണ്. ബഹുമാനപ്പെട്ട മന്ത്രി നേരിട്ടൊരു വിസിറ്റ് കൂടി മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ തീരദേശ മേഖലയിൽ നടത്തണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): മാഡം ഡെപ്യൂട്ടി സ്പീക്കർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എ. കെ. എം. അഷറഫ് ഉന്നയിച്ച മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കടലാക്രമണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അതീവ ഗുരുതരമാണെന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. അദ്ദേഹം ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾക്ക് അനുഭാവപൂർവമായ പരിഗണന സർക്കാരിന്റെയും വകുപ്പിന്റെയും ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് പ്രത്യേകം സൂചിപ്പിക്കുകയാണ്. മഞ്ചേശ്വരം നിയമസഭ മണ്ഡലത്തിൽ 24.50 കി.മീ. തീരപ്രദേശമാണുള്ളത്. ഇതിൽ കണ്വതീർത്ഥ, മുസോഡി, ഉപ്പള, ശാരദ നഗർ, ഹനുമാൻ നഗർ, പെരിങ്ങടി, ഷിറിയ, കുമ്പളകൊയ്പാടി കടപ്പുറം, തെറുവാട് കടപ്പുറം, മൊഗ്രാൽ, കൊപ്പളം തുടങ്ങിയ സ്ഥലങ്ങളിൽ രൂക്ഷമായ കടലാക്രമണം നേരിടുന്നതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്. ഇത് പലവിധത്തിലുള്ള നാശനഷ്ടങ്ങൾക്ക് കാരണമായിട്ടുണ്ട്. നിലവിൽ 4.30 കി.മീ. തീരപ്രദേശത്തുമാത്രമാണ് കടൽഭിത്തിയുള്ളത്. ഇതിൽ പല ഭാഗങ്ങളും ഭാഗികമായും ചില ഭാഗങ്ങൾ പൂർണ്ണമായും തകർന്ന അവസ്ഥയിലാണ്. അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുള്ളത് ശരിയാണ്. അവിടെ ലോക ബാങ്കിന്റെ ധനസഹായ പദ്ധതിയുടെ ഭാഗമായി മിഷൻ ഡയറക്ടറേറ്റിൽ ഈ മണ്ഡലം ഉൾപ്പെടാതെപോയത് ആ പ്രദേശത്തോട് ചെയ്ത വലിയൊരു അനീതി തന്നെയാണെന്നതിൽ ഒരു സംശയവുമില്ല. തീർച്ചയായും അത് മനഃപൂർവമായിരിക്കില്ല. എങ്കിലും കടലാക്രമണം അത്രയേറെ രൂക്ഷമാകുന്നതിന്റെ ആശങ്കയിലാണ് അവിടത്തെ ജനങ്ങളുള്ളതെന്നത് സ്ഥലം സന്ദർശിച്ചശേഷം സ്ഥലം എം.എൽ.എ. എന്നോട് നേരിട്ട് പറയുകയും ഇപ്പോൾ ഈ സബ്മിഷനിലൂടെ ചൂണ്ടിക്കാണിക്കുകയും ചെയ്തു. മഞ്ചേശ്വരം ഹാർബറിന്റെ നിർമ്മാണംമൂലം ഉണ്ടാകുന്ന കടലാക്രമണം ചെറുക്കുന്നതിനായി ഹാർബർ എഞ്ചിനീയറിങ് വിഭാഗം അടിയന്തര പ്രാധാന്യത്തോടെ ഹാർബറിന്റെ തെക്ക് 4.80 കി.മീ. ഭാഗത്ത് ഗ്രോയിൻസ് (groynes) നിർമ്മിക്കുകയുണ്ടായി. എങ്കിലും പലഭാഗങ്ങളിലും ഇപ്പോഴും കടലാക്രമണം തുടരുന്നതായാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മുൻ വർഷങ്ങളിൽ കടലാക്രമണം രൂക്ഷമായ സാഹചര്യത്തിൽ ലഭ്യമായ

*22-06-2026*
*Submission*

ഫണ്ട് ഉപയോഗപ്പെടുത്തി വിവിധ സ്ഥലങ്ങളിൽ ജിയോബാഗ് ഉപയോഗിച്ച് ജലവിഭവ വകുപ്പ് താൽക്കാലികമായ സംരക്ഷണ ഭിത്തി നിർമ്മിച്ചിരുന്നു. എന്നാൽ രൂക്ഷമായ കടലാക്രമണത്തെ ചെറുക്കാൻ ഇവ പര്യാപ്തമായിരുന്നില്ല. കണ്വതീർഥ മഞ്ചേശ്വരം ഹാർബർ മുതൽ ഐല കടപ്പുറം വരെ പെരിങ്ങടി, ഷിറിയ തുടങ്ങിയ വിവിധ സ്ഥലങ്ങൾ കടലാക്രമണത്തിന് ശാശ്വത പരിഹാരമുണ്ടാക്കേണ്ട സ്ഥലങ്ങളായി ഡിപ്പാർട്ടുമെന്റ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതെല്ലാം പരിഹരിക്കുന്നതിനുവേണ്ടിയുള്ള പഠനം നടത്താനുള്ള പ്രൊപ്പോസലുകൾ സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ഇതുകൂടാതെ അടിയന്തര സാഹചര്യമുള്ളതിനാൽ ബംഗ്ല, കോയിപ്പാടി, ഷിറിയ എന്നീ സ്ഥലങ്ങളിൽ ജിയോബാഗ് ഉപയോഗിച്ച് താൽക്കാലിക കടൽഭിത്തി നിർമ്മിക്കുന്നതിനും മറ്റ് സ്ഥലങ്ങളിൽ കരിങ്കല്ല് ഡമ്പിങ് മുഖേന കടൽഭിത്തി നിർമ്മിക്കുന്നതിനുമുള്ള പ്രപ്പോസലുകളാണ് തയ്യാറാക്കിയിരിക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച പ്രദേശങ്ങളിലെ രൂക്ഷമായ സാഹചര്യങ്ങൾ കണക്കിലെടുത്ത് അടിയന്തരമായി ഒൻപത് നിർമ്മാണ പ്രൊപ്പോസലുകൾ ഉൾപ്പെടുത്തി പുതുക്കിയ പ്രവൃത്തിക്ക് ഡിപ്പാർട്ട്മെന്റ് രൂപം നൽകിയിട്ടുണ്ട്. സർക്കാരിൽനിന്ന് ഫണ്ടുകൾ ലഭ്യമാകുന്ന മുറയ്ക്കുമാത്രമേ ഈ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കാൻ കഴിയുകയുള്ളൂവെന്ന സാഹചര്യം നമ്മുടെ മുന്നിലുണ്ട്. അവിടത്തെ ഗുരുതര സാഹചര്യം കണക്കിലെടുത്ത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ച് ഇക്കാര്യത്തിൽ പ്രത്യേക മുൻഗണനയും പരിഗണനയും നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിക്കുമെന്ന് സൂചിപ്പിക്കുകയാണ്.

സംസ്ഥാനത്തെ രൂക്ഷമായ തീരശോഷണത്തെക്കുറിച്ച് പഠിച്ച് തീരസംരക്ഷണത്തിനുള്ള ശാസ്ത്രീയമാർഗങ്ങൾ നിർദേശിക്കുന്നതിന് സെൻട്രൽ മിനിസ്ട്രി ഓഫ് എർത്ത് സയൻസിന് കീഴിൽ ചെന്നൈ ആസ്ഥാനമായ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR) എന്ന സ്ഥാപനവുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇത് ബഹു. അംഗത്തിന്റെ സബ്മിഷനിൽ സൂചിപ്പിച്ചിരുന്നു. അതിൻപ്രകാരം കേരളത്തിലെ 9 കടൽത്തീരങ്ങളെ ഉൾപ്പെടുത്തി NCCR തയ്യാറാക്കിയ ഷോർലൈൻ മാനേജ്മെന്റ് പ്ലാൻ (SLMP)-ന്റെ അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ട്. ആയത് വെറ്റ് ചെയ്യുന്നതിനായി കേന്ദ്ര പൊല്യൂഷൻ കൺട്രോൾ ബോർഡിന് കൈമാറിയിരിക്കുകയാണ്.

റിപ്പോർട്ട് ലഭ്യമായതിനുശേഷം അതിന്റെയടിസ്ഥാനത്തിൽ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കടൽത്തീരങ്ങൾക്ക് അനുയോജ്യമായ തീരസംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് സർക്കാർ മുൻഗണന നൽകുമെന്ന് അറിയിക്കുന്നു. കൂടാതെ, കേരളത്തിലുടനീളം രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ, ജലസേചന വകുപ്പ് സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ മിഷൻ ഡയറക്ടറേറ്റ് മുഖേന സംരക്ഷണം ആവശ്യമായ തീരപ്രദേശങ്ങളുടെ പട്ടിക തയ്യാറാക്കിവരികയാണ്. സർക്കാർ നിയോഗിച്ചിട്ടുള്ള ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ്, പ്രസ്തുത വിഷയത്തിലെ ദേശീയ ഏജൻസികളിലെ വിദഗ്ധർ ഉൾപ്പെടെയുള്ള ഹൈ ലെവൽ കമ്മിറ്റിയിൽ ഈ പട്ടിക ചർച്ച ചെയ്ത് അംഗീകരിക്കുന്നതിനും തുടർന്ന് വിവിധ സാങ്കേതിക മാനദണ്ഡങ്ങൾ പരിഗണിച്ച് മറ്റ് നടപടികൾ സ്വീകരിക്കാനുമാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനുവേണ്ടി 3 പദ്ധതികൾ വകുപ്പുതലത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ മേശപ്പുറത്തുവയ്ക്കുന്നു.+ ഈ പദ്ധതികൾ ജലസേചന വകുപ്പിന്റെ ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നതിനും പിന്നീട് ലോകബാങ്കിൽനിന്നും റീ-ഇംബേഴ്സ്മെന്റ് ലഭ്യമാക്കുന്നതിനുമുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ലോകബാങ്ക് ചട്ടങ്ങൾ പ്രകാരം പദ്ധതി നടപ്പാക്കുമ്പോൾ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (KCZMA) അംഗീകാരം നൽകേണ്ടതുണ്ട്. അതിനായി കോസ്റ്റൽ റെഗുലേഷൻ സോൺ (CRZ) സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി അംഗീകൃത ദേശീയ ഏജൻസിയായ നാഷണൽ സെന്റർ ഫോർ സസ്റ്റയിനബിൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM) ചെന്നൈ-യ്ക്ക് വർക്ക് ഓർഡർ നൽകിയിരിക്കുകയാണ്. ഇക്കാര്യത്തിലുള്ള പ്രവൃത്തി പരമാവധി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് നടത്താനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ചില കോടതി നടപടികൾ വന്നിട്ടുള്ളതിനാൽ പ്രവൃത്തിയുടെ പുരോഗതിക്ക് തടസ്സം നേരിട്ടിട്ടുണ്ട്. പ്രവൃത്തിയുടെ രൂപകല്പനയ്ക്കായി ദേശീയ ഏജൻസികളിൽനിന്നും ക്വട്ടേഷൻ ക്ഷണിക്കുകയും പൂനെയിലെ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-നെ

---

\+ അനുബന്ധമായി ചേർക്കുന്നു.

ഇതിനുവേണ്ടി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. രൂപകല്പനയ്ക്കാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. വളരെ ഗൗരവമുള്ള ഒരു വിഷയമെന്ന നിലയിലാണ് ഞാൻ വിശദമായി മറുപടി പറഞ്ഞത്. ഇത് മഞ്ചേശ്വരത്തിന്റെ മാത്രം പ്രശ്നമല്ല. തിരുവനന്തപുരം തലസ്ഥാനനഗരിയിൽ അഞ്ചുതെങ്ങ് പഞ്ചായത്തുതന്നെ ഇല്ലാതാകുന്ന അവസ്ഥ ബഹുമാനപ്പെട്ട രമ്യാ ഹരിദാസ് എം.എൽ.എ. ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇത് ആലപ്പുഴ ജില്ലയിലെ തീരപ്രദേശത്തെയും ബാധിക്കുന്ന വലിയൊരു പ്രശ്നമാണ്.

മാഡം ഡെപ്യൂട്ടി സ്പീക്കർ (<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>): പല തീരപ്രദേശങ്ങളിലും ഈ പ്രശ്നമുണ്ട്. അരൂർ നിയോജകമണ്ഡലത്തിലെ പള്ളിത്തോട് മേഖലയിലും ഈ പ്രശ്നം നിലനിൽക്കുന്നുവെന്നത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, തീരദേശത്തെ വലിയൊരു പ്രശ്നമാണിത്. ഈ പ്രശ്നം നേരിടുന്ന തലസ്ഥാന നഗരിയിലെ പ്രദേശങ്ങളിൽ ഞാൻ സന്ദർശനം നടത്തിയിരുന്നു. നാല് നിലകളുള്ള വീടുണ്ടായിരുന്ന സ്ഥലത്ത് ഒറ്റനില വീടായി അവശേഷിച്ചിട്ടുണ്ട്. മൂന്ന് നിലകളും കടലെടുത്ത് പോയിരിക്കുകയാണ്. അവിടെയുള്ള മനുഷ്യർ മറ്റ് സ്ഥലങ്ങളിലേക്ക് മാറാൻ നിർബന്ധിതമാകുകയാണ്. അവിടെയുള്ള ഒരു പഞ്ചായത്തുതന്നെ ഇല്ലാതാകുന്നുമെന്നാണ് പറയുന്നത്. ഇതുതന്നെയാണ് ശ്രീ. എ. കെ. എം. അഷ്റഫ് എം.എൽ.എ.-യും ചൂണ്ടിക്കാണിച്ചത്. അവിടെ ഒരു ചെറിയ ഗ്രാമപ്രദേശംതന്നെ കടലെടുത്ത് പോയിരിക്കുകയാണ്. ഇതുപോലുള്ള കടലാക്രമണ ഭീഷണി തീരദേശത്തെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. സംസ്ഥാനത്തെ തീരദേശവുമായി ബന്ധപ്പെട്ട് വലിയൊരു പദ്ധതി ആവിഷ്കരിക്കുന്നതാണ്. ധനകാര്യ വകുപ്പുമന്ത്രികൂടിയായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ബജറ്റിൽ കടലാക്രമണങ്ങളെ നേരിടാനായി 'മിഷൻ സമുദ്ര' എന്ന വലിയൊരു പദ്ധതി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കടലോരത്തെ സംരക്ഷിക്കാനുള്ള അനുബന്ധ സ്കീംകൂടി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. അക്കാര്യങ്ങൾ മുഖ്യമന്ത്രിയുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും. മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ വിഷയം പ്രത്യേകമായി പരിഗണിക്കും. അങ്ങ് ആവശ്യപ്പെട്ട പ്രകാരം പ്രസ്തുത പ്രദേശങ്ങൾ നിയമസഭാ സമ്മേളനം കഴിഞ്ഞശേഷം സന്ദർശിക്കുന്നതാണ്.

അങ്ങയോടൊപ്പം അവിടത്തെ ജനങ്ങളെയും നേരിട്ട് കാണുന്നതാണ്. അവരുടെ ആശങ്കകൾ പരിഹരിക്കുവാൻ സാധ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കും.

(4) <u>നെല്ല് സംഭരണ തുക ലഭ്യമാക്കാത്തത് സംബന്ധിച്ച്</u>

<u>ശ്രീ. സുമേഷ് അച്ചുതൻ</u>: സർ, കേരളത്തിന്റെ നെല്ലറയെന്ന് വിശേഷിപ്പിക്കുന്ന പാലക്കാട് ജില്ലയിലെ നെൽകൃഷിയുടെ ഹൃദയഭൂമിയായ ചിറ്റൂരിനെ പ്രതിനിധീകരിച്ച് ഈ സഭയിൽ സംസാരിക്കാൻ അവസരം നൽകിയ ചിറ്റൂരിലെ കർഷകർക്കും ജനങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. നെൽകൃഷി ഉപജീവനമാർഗമാക്കിയ കുടുംബത്തിൽ 12 മക്കളിൽ ഒരാളായി പിറന്ന് 20 വർഷക്കാലം ഈ സഭയിൽ കർഷകരുടെ ശബ്ദമായി പ്രവർത്തിച്ച ശ്രീ. കെ. അച്യുതന്റെ മകനാണ് ഞാൻ. എന്നാലിപ്പോൾ മറ്റെന്തെങ്കിലും വരുമാനംകൂടി ഇല്ലാതെ നെൽകൃഷിയെമാത്രം ഉപജീവനമാർഗമാക്കാൻ ഒരു നാലംഗ കുടുംബത്തിനുപോലും കഴിയാത്ത സ്ഥിതിയായി. അതിനാൽ കർഷകരുടെ പ്രശ്നങ്ങൾ വളരെ ഉത്തരവാദിത്വത്തോടെയാണ് ഞാനിവിടെ ഉന്നയിക്കുന്നത്. നമ്മുടെ കർഷകർ വിയർപ്പൊഴുക്കി ഉൽപാദിപ്പിച്ച നെല്ല് സപ്ലൈകോ സംഭരിച്ചശേഷം അതിന്റെ വില യഥാസമയം നൽകുന്നില്ല. കിട്ടാവുന്നിടങ്ങളിൽനിന്നെല്ലാം കടം വാങ്ങി, ആത്മാഭിമാനം നഷ്ടപ്പെടുത്തിയാണ് കഴിഞ്ഞ കാലങ്ങളിൽ കർഷകർ വിള ഇറക്കിയത്. പലരും കൃഷിതന്നെ ഉപേക്ഷിച്ചു. യു.ഡി.എഫ്. അധികാരത്തിലേറിയ ഉടൻതന്നെ നെല്ലിന്റെ വില നൽകുന്നതിനുണ്ടായിരുന്ന തടസ്സങ്ങൾ നീക്കി താൽക്കാലിക പരിഹാരമുണ്ടാക്കിയത് കർഷകർക്ക് വലിയ ആശ്വാസമാണ്. കഴിഞ്ഞ കാലഘട്ടങ്ങളിൽ കേന്ദ്രം നെൽവില വർധിപ്പിച്ചപ്പോൾ സംസ്ഥാനം കുറയ്ക്കുന്ന കാഴ്ചയാണ് കണ്ടത്. അടുത്ത സീസൺ മുതലെങ്കിലും കർഷകന്റെ വിയർപ്പുണങ്ങുന്നതിനുമുമ്പ് അവന്റെ അധ്വാനത്തിന് ഉയർന്ന പ്രതിഫലം ലഭിക്കണം. കിലോഗ്രാമിന് 35 രൂപയെങ്കിലും ആക്കിയാൽ മാത്രമെ നെൽകർഷകർക്ക് പിടിച്ചുനിൽക്കാൻ സാധിക്കുകയുള്ളൂ. കർഷകരിൽനിന്ന് നെല്ല് സംഭരിച്ച് അരിയാക്കി തിരിച്ച് നൽകുകയാണ് മില്ലുടമകളുടെ ചുമതല. പാലക്കാടൻ മട്ട അരിക്ക് ദേശീയ- അന്തർദേശീയ തലത്തിൽ വലിയ ആവശ്യകതയുണ്ട്. പാലക്കാട് ജില്ലയിൽനിന്ന് ഉമ, ജ്യോതി, കാഞ്ചന എന്നീ മട്ട നെല്ലുകൾ സംഭരിച്ച് ഉയർന്ന വിലയ്ക്ക്

വിദേശ വിപണികളിലേക്ക് കയറ്റുമതി ചെയ്യുകയും പകരം ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള മട്ട അരി സപ്ലൈകോയ്ക്ക് തിരിച്ച് നൽകുകയുമാണ് ചെയ്യുന്നത്. എന്നാൽ കർഷകർ ഉൽപാദിപ്പിക്കുന്ന വെള്ള നെല്ല് സംഭരിക്കുമ്പോൾ ക്വിന്റലിന് രണ്ട്-മൂന്ന് കിലോ വരെ കുറച്ചാണ് അളവ് വയ്ക്കുന്നതെന്ന പരാതിയുണ്ട്. ഇത് പരിശോധിച്ച് അത്തരത്തിലുള്ള മില്ലുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ നടപടിയുണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്. വിവേചനങ്ങൾ അവസാനിപ്പിക്കുകയും കർഷകരുടെ അധ്വാനത്തിന് ന്യായമായ പ്രതിഫലം ഉറപ്പാക്കുകയും വേണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>): സർ, പാലക്കാട് ജില്ലയിലെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കപ്പെട്ട് അവിടെ സംഭരണം നടന്നുവരികയാണ്. രാവിലെ ചോദ്യോത്തര വേളയിൽ പറഞ്ഞുപോലെ, ടാക്സ് മുഖേന കർഷകർക്ക് പി.ആർ.എസ്. വായ്പാ പദ്ധതിവഴി സംഭരണ വില ലഭ്യമാക്കുന്ന നടപടികൾക്ക് സർക്കാർ അനുമതി നൽകുകയും ധനകാര്യവകുപ്പിന്റെ അംഗീകാരത്തിന് വിധേയമായി 20-02-2026-ൽ സപ്ലൈകോയും ബന്ധപ്പെട്ട കാർഷിക സഹകരണ സംഘങ്ങളും തമ്മിൽ ധാരണാപത്രം ഒപ്പുവച്ച് പദ്ധതി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഇതുവഴി സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാകാത്ത രീതിയിൽ ക്രമീകരണം ഏർപ്പെടുത്തണമെന്നും ഉത്തരവിൽ നിർദേശിച്ചിരുന്നു. എന്നാൽ സംഭരണ സീസൺ ആരംഭിച്ചതിനുശേഷം ടാക്സിൽ ഉൾപ്പെടുത്താനുള്ള തീരുമാനം നടപ്പാക്കപ്പെട്ടു. അത് രണ്ടുമാസത്തോളം പാലക്കാട് ജില്ലയിൽ സംഭരണം വൈകുന്നതിന് കാരണമായി. ഇതിനോടകം ആ വിഷയങ്ങൾ പരിഹരിച്ചിട്ടുണ്ട്. PACS-കളെ **(Primary Agricultural Credit Societies)** ഒഴിവാക്കി എസ്.ബി.ഐ., കാനറാബാങ്ക് കൺസോർഷ്യത്തെ ഏൽപ്പിക്കുകയും 1100 കോടി രൂപയെന്നത് 1600 കോടി രൂപയായി എൻഹാൻസ് ചെയ്യുകയും അതിന്റെ കാലാവധി നീട്ടിക്കൊടുക്കുകയുമുണ്ടായി. അതനുസരിച്ച് ഇപ്പോൾ കർഷകർക്ക് തുക നൽകിവരികയാണ്. സംസ്ഥാനത്തൊട്ടാകെ, കഴിഞ്ഞ ശനിയാഴ്ച വരെ 217 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച നിർദേശങ്ങൾ

ജില്ലാ കൃഷിഓഫീസർമാർ മുഖേന കൃഷിഭവൻ വഴി കർഷകർക്ക് നൽകിയിട്ടുണ്ട്. വെള്ള അരിയുടെ നെല്ല് സ്വീകരിക്കുന്നതിൽ വിമുഖത കാണിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരയിനങ്ങൾക്ക് കിഴിവ് കണക്കാക്കണമെന്ന് കർഷകരോട് ആവശ്യപ്പെടുന്ന സാഹചര്യവും നിലവിലുണ്ട്. കേന്ദ്രസർക്കാരിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് ഇതിന്റെ സംഭരണം നടത്തുന്നത്. ഇന സ്വഭാവവും കാലാവസ്ഥാ സാഹചര്യവും ഗ്രെയിൻ ഫില്ലിങ് ഘട്ടത്തിൽ ഉയർന്ന താപനിലയ്ക്ക് വിധേയമാകുന്നതുംമൂലം കുറഞ്ഞതൂക്കം കാണിക്കുന്നതായി ഫീൽഡിൽനിന്ന് ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 18-06-2025-ലെ സർക്കാർ ഉത്തരവ് പ്രകാരം 2024-25-ലെ രണ്ടാംവിള മുതൽ വെള്ള ഇനം നെൽ കൃഷി ചെയ്ത പാടങ്ങളും ചുവന്ന ഇനം കൃഷിചെയ്ത പാടങ്ങളും പ്രത്യേകം രേഖപ്പെടുത്തി, രണ്ടിനം പാടങ്ങളിൽനിന്നും തുല്യതോതിൽ നെല്ല് സംഭരിക്കുന്നതിനുള്ള സംവിധാനം മിൽ അലോട്ട്മെന്റ് പോർട്ടൽ മുഖേന കാര്യക്ഷമമായി ചെയ്തുവരുന്നുണ്ട്. അലോട്ട്മെന്റ് ലഭിച്ച പ്രസ്തുത ഫീൽഡിൽനിന്നും നെല്ല് സംഭരിക്കാതെ പിന്മാറുന്ന മില്ലുകളിൽനിന്നും പിഴയീടാക്കുന്നതിനുള്ള നടപടികൾ നടപ്പുസീസൺ മുതൽ സ്വീകരിച്ചുവരുന്നു. നടപ്പുസീസണിൽ പാലക്കാട് ജില്ലയിൽ നെല്ല് സംഭരണം തുടർന്നുവരികയാണ്. ഇവയ്ക്കെല്ലാം മിൽ അലോട്ട്മെന്റ് പൂർത്തീകരിച്ചിട്ടുണ്ട്. സംഭരണ വില വർധിപ്പിക്കുന്നതടക്കമുള്ള കാര്യങ്ങൾ പൊതുവായ രീതിയിൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(5) ആലുക്കൽ പാലം പുനർ നിർമ്മാണം

ശ്രീ. എ. സി. മൊയ്തീൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന വടക്കാഞ്ചേരി പുഴയ്ക്കുകുറുകെയുള്ള ആലുക്കൽ പാലം പൊളിച്ചശേഷം പുതിയ പാലം പണിതുകൊണ്ടിരുന്നതിനാൽ നിലവിൽ ഗതാഗത സൗകര്യത്തിന് താൽക്കാലിക ബണ്ട് റോഡ് നിർമ്മിച്ചിരുന്നു. പ്രവൃത്തിയുടെ അവസാനഘട്ടത്തിൽ, മെയിൻ സ്ലാബ് നിർമ്മിക്കുന്നതിനിടയിൽ വലിയ മഴ വന്ന് താൽക്കാലിക ബണ്ട് ഒലിച്ചുപോയി യാത്രാസൗകര്യമില്ലാതായി. തുടർന്ന് താൽക്കാലിക ഐലൻഡുണ്ടാക്കി അതിൽ വെർട്ടിക്കലായി താങ്ങുകൊടുത്ത് മെയിൻ സ്ലാബ് കാസ്റ്റ്

ചെയ്യാൻ തീരുമാനിച്ചു. എന്നാൽ മഴവെള്ളം വന്ന് മണ്ണൊലിച്ചുപോയതിനാൽ അതിനുമിപ്പോൾ കഴിയാത്ത സാഹചര്യമാണ്. മഴവെള്ളം കൂടുതൽ ശക്തിയായിവരുന്ന ഈ ഘട്ടത്തിൽ ഈ ഐലൻഡിൽനിന്നും വെർട്ടിക്കലായി താങ്ങുകൊടുത്ത് ഈ പ്രവൃത്തി നടത്തിക്കൊണ്ടുപോകാൻ കഴിയില്ലെന്നാണ് എഞ്ചിനീയർമാരുടെ അഭിപ്രായം. അതിനായി പൈൽ ക്യാപ്പ്(Pile cap), പിയർ ക്യാപ്പ്(Pier cap) എന്നിവയുമായി ബന്ധിപ്പിച്ച് സ്ലാബിനെ സപ്പോർട്ട് ചെയ്യാൻ കഴിയുന്ന Horizontal-ആയുള്ള സംവിധാനമുണ്ടെന്ന് എഞ്ചിനീയറിങ് വിഭാഗം പറയുന്നതിനാൽ അക്കാര്യം കൂടി പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കണം. ഇല്ലെങ്കിൽ രണ്ട് പ്രദേശങ്ങൾതമ്മിൽ ഒരു വർഷക്കാലം പരസ്പരം ബന്ധപ്പെടാനാതെ കിടക്കുന്ന സ്ഥിതിയുണ്ടാകുമെന്നതിനാൽ അതുവരെ താൽക്കാലികമായി യാത്ര ചെയ്യാനുള്ള ഒരു ഫുട്ഓവർ ബ്രിഡ്ജ് പോലുള്ള സംവിധാനം സ്റ്റീലിലോ മറ്റോ നിർമ്മിക്കുന്നതിന് അടിയന്തര നടപടിയുണ്ടാകണമെന്നും ബഹു. മന്ത്രി പ്രത്യേക താൽപര്യമെടുത്ത് ഇതുമായി ബന്ധപ്പെട്ട യോഗം വിളിച്ചുചേർക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, ആലുക്കൽ പാലം നിർമ്മാണഘട്ടത്തിലാണ്. ജൂൺ ആദ്യമുണ്ടായ കനത്ത മഴയെത്തുടർന്ന് പുഴയിലുണ്ടായ അതിശക്തമായ ഒഴുക്കുകാരണം താൽക്കാലികമായി നിർമ്മിച്ച ബണ്ടും റോഡും ഐലന്റും പൂർണ്ണമായും തകർന്നിരിക്കുന്നതിനാൽ ഗ്രൗണ്ടിൽനിന്നും Vertical സപ്പോർട്ട് നൽകി പ്രവൃത്തി തുടർന്നുകൊണ്ടുപോകാൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളതെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. മണ്ണിട്ട് നികത്തി താൽക്കാലിക ഐലന്റുണ്ടാക്കി അതിൽനിന്നും വെർട്ടിക്കൽ സപ്പോർട്ട് നൽകുന്നതിന് ഒരു മാസത്തെ സമയം ആവശ്യമാണ്. അടിയന്തര പരിഹാരത്തിനുള്ള ബദൽ സംവിധാനമൊരുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകുന്നതിനായി പൈൽ ക്യാപ്പ്, പിയർ ക്യാപ്പ് എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് ഗ്രൗണ്ടിൽ സപ്പോർട്ട് കൊടുക്കാതെ സ്ലാബിനെ സപ്പോർട്ട് ചെയ്ത് നിർത്തുന്നതിനായി Horizontal സപ്പോർട്ട് നൽകുന്ന രീതിയിൽ

പ്രവൃത്തി ചെയ്യുന്നതിനുള്ള സാധ്യതയും പരിശോധിച്ചുവരുന്നു. ഇതിന് പരിഹാരം കാണുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(6) <u>ആലുവ മാർത്താണ്ഡവർമ്മ പാലത്തിലെ ഗതാഗതക്കുരുക്ക്</u>

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. ബഹു. മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ഇപ്പോഴത്തെ പ്രതിപക്ഷനേതാവിനും കേരളത്തിലെ എം.എൽ.എ.-മാർക്കും ബോധ്യപ്പെട്ടിട്ടുള്ളതും അവർ അനുഭവിച്ച വിഷയവുമാണ്. ആലുവ ഹൈവേയിലൂടെ പോകുന്ന നല്ലൊരു ശതമാനം ആളുകളും പ്രയാസപ്പെടുന്ന ഒരു വിഷയമാണ് ഞാൻ ഈ സഭയുടെ മുമ്പിൽ കൊണ്ടുവരുന്നത്. ഞാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പലപ്രാവശ്യം ഈ വിഷയം സഭയിൽ ഉന്നയിച്ചെങ്കിലും നടപടിയുണ്ടായില്ല.

ആലുവ ബൈപ്പാസിലെ ആലുവ പുളിഞ്ചോട് മുതൽ പറവൂർ കവലവരെ നിരന്തരമായ ബ്ലോക്കാണ്. രോഗികൾ, നെടുമ്പാശ്ശേരി എയർപോർട്ടിലേയ്ക്ക് പോകുന്നവർ എന്നിങ്ങനെ ഈ ഹൈവേയിലൂടെ യാത്ര ചെയ്യുന്നവർ നിരന്തരം ബ്ലോക്കിൽപ്പെട്ട് ദുരിതമനുഭവിക്കുന്ന സാഹചര്യമാണ്. കേന്ദ്രമന്ത്രിയായ ശ്രീ. നിതിൻ ഗഡ്കരിയെ ഞാൻ നേരിട്ട് കണ്ട് ആവശ്യപ്പെടുകയും മുൻ മുഖ്യമന്ത്രിയുൾപ്പെടെയുള്ള വ്യക്തികളോട് സഭയിലും സഭയ്ക്കുപുറത്തുമൊക്കെ നിരന്തരമായി ആവശ്യപ്പെടുകയും ചെയ്തെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതിനാൽ ആലുവ ബൈപ്പാസിലെ പുളിഞ്ചോട് മുതൽ പറവൂർ കവല വരെയുള്ള ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം കണ്ടെത്തണമെന്നാണ് എനിക്ക് ഈ സഭയിൽ പ്രധാനമായും ഉന്നയിക്കാനുള്ളത്. ബഹു. മുഖ്യമന്ത്രി ഈ വിഷയം പരിഹരിക്കുമെന്ന് പലവട്ടം പറഞ്ഞിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് വിശദമായ ഒരു പഠനം നടത്തി പുളിഞ്ചോട് മുതൽ എയർപോർട്ട് വരെ ഒരു എലിവേറ്റഡ് ഹൈവേയോ മൂന്നാമതൊരു പാലമോ നിർമ്മിച്ചാൽ മാത്രമേ ഒരു ശാശ്വത പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. ബജറ്റ് പ്രസംഗത്തിന്റെ മറുപടി പ്രസംഗത്തിൽ ഇതുസംബന്ധിച്ച വിശദമായ പഠനം നടത്താനുള്ള തുക കൂടി അനുവദിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഈ

വിഷയത്തിൽ ഇടപെട്ട് ഇതിനൊരു ശാശ്വതപരിഹാരമുണ്ടാക്കണമെന്ന് ആവശ്യപ്പെടുകയാണ്.

## 6. ആലുവ മാർത്താണ്ഡവർമ്മ പാലത്തിലെ ഗതാഗതക്കുരുക്ക്

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം ഗൗരവമുള്ളതാണ്. എറണാകുളത്തുനിന്നും ആലുവ വഴി തൃശ്ശൂരിലേയ്ക്ക് പോകുമ്പോഴുണ്ടാകുന്ന ട്രാഫിക് ബ്ലോക്ക് നമുക്കെല്ലാവർക്കുമറിയാവുന്നതാണ്. എന്നാൽ, ആലുവ ബൈപ്പാസിലെ മാർത്താണ്ഡവർമ്മ പാലത്തിന് സമാന്തരമായി പുതിയ പാലമോ എലിവേറ്റഡ് ഹൈവേയോ നിർമ്മിക്കാനുള്ള പ്രത്യേക നിർദേശം സർക്കാരിന്റെയോ ദേശീയപാതാ അതോറിറ്റിയുടെയോ പരിഗണനയിലില്ല. NHAI നടപ്പാക്കാനുദ്ദേശിക്കുന്ന എറണാകുളം ബൈപ്പാസ് പദ്ധതി യാഥാർഥ്യമാകുന്നതോടെ ഈ മേഖലയിലെ ഗതാഗതക്കുരുക്ക് ഗണ്യമായി കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആലുവയിൽ ഈ പാതയ്ക്ക് ഇരുവശവുമുള്ള നഗരവൽക്കരണവും കെട്ടിടങ്ങളുടെ സാന്നിധ്യവും കാരണം നിലവിലെ റോഡ് കൂടുതൽ വികസിപ്പിക്കുക സാധ്യമല്ല. മാർത്താണ്ഡവർമ്മ പാലത്തിന് ആവശ്യത്തിന് വീതിയില്ലാത്തതും ഈ റോഡിലെ ഗതാഗതക്കുരുക്കിന് കാരണമാകുന്നുണ്ട്. ഇതിന് പരിഹാരമായി എൻ.എച്ച്. 544-നോടനുബന്ധിച്ച് അങ്കമാലിയെയും അരൂരിനെയും ബന്ധിപ്പിച്ചുകൊണ്ട് ഏകദേശം 49.5 കി.മീ. നീളത്തിൽ ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള ഒരു ഡി.പി.ആർ.-ന് അംഗീകാരം നൽകിയിട്ടുണ്ട്. അതിനായി ഭൂമി ഏറ്റെടുക്കുന്നതിന് 6183.4 കോടി രൂപയും നിർമ്മാണപ്രവർത്തനങ്ങൾക്ക് 6551 കോടി രൂപയുമുൾപ്പെടെ 13553 കോടി രൂപയുടെ പ്രവൃത്തിക്ക് NHAI തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം സംബന്ധിച്ച് ഒരു പഠനം നടത്തി എൻ.എച്ച്. 544-നോടനുബന്ധിച്ച് അങ്കമാലിയെയും അരൂരിനെയും ബന്ധിപ്പിച്ചുകൊണ്ട് ഏകദേശം 49.5 കി.മീ. നീളത്തിൽ ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള ഒരു ഡി.പി.ആർ.-ന് അംഗീകാരം നൽകിയിട്ടുണ്ട്. അവിടെ സ്ഥലം ഏറ്റെടുക്കണമോ അതോ എലിവേറ്റഡ് പാലം നിർമ്മിക്കണമോ എന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയുമായി ചർച്ച ചെയ്തശേഷം

അനുഭാവപൂർവമായ നടപടി സ്വീകരിക്കാം. ഞാൻ 7-ാം തീയതി ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ശ്രീ. നിതിൻ ഗഡ്കരിയെ സന്ദർശിക്കുമ്പോൾ ഈ വിഷയം ഒന്നുകൂടി സംസാരിക്കാം.

7. തമ്മനം-പുല്ലേപ്പടി റോഡ് നിർമ്മാണം

ശ്രീ. ടി. ജെ. വിനോദ്: സർ, എറണാകുളം ജില്ലയിലെ ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാക്കാൻ കഴിയുന്ന ഒരു പ്രധാന റോഡാണ് ബാനർജി റോഡിന് സമാന്തരമായുള്ള തമ്മനം-പുല്ലേപ്പടി റോഡ്. എം.ജി. റോഡ് പത്മാ ജംഗ്ഷൻ മുതൽ എൻ.എച്ച്.66 ചക്കരപ്പറമ്പ് ജംഗ്ഷൻ വരെയുള്ള 3.68 കി.മീ. ദൈർഘ്യമുള്ള ഈ റോഡ് നിർമ്മിക്കണമെന്നത് ദീർഘകാലമായി നിലനിൽക്കുന്ന ഒരാവശ്യമാണ്. 1998-ൽ കൊച്ചി നഗരസഭ ഇതിന്റെ നിർമ്മാണമാരംഭിക്കുകയും അതിന്റെ ഒരു അലൈൻമെന്റ് ഫിക്സ് ചെയ്യുകയും അന്ന് പണം നൽകി സ്ഥലം വാങ്ങാൻ നിവൃത്തിയില്ലാത്തതിനാൽ ഫ്രീ സറണ്ടറോടുകൂടി സ്ഥലം വാങ്ങാനുള്ള നടപടികൾ ആരംഭിക്കുകയുമുണ്ടായി. ഇളംകുളം വില്ലേജിൽ 43 വ്യക്തികളിൽനിന്നും 44.94 ആർ, പൂണിത്തുറ വില്ലേജിൽ 30 വ്യക്തികളിൽനിന്നും 44.27 ആർ, എറണാകുളം വില്ലേജിൽ 10 വ്യക്തികളിൽനിന്നും 11.20 ആർ എന്നിവയുൾപ്പെടെ 102 ആർ ഭൂമി സൗജന്യമായി ഈ റോഡ് നിർമ്മിക്കാൻ ജനങ്ങൾ വിട്ടുനൽകിയിട്ടുള്ളതാണ്. തുടർന്ന് ഉമ്മൻചാണ്ടി കേരളത്തിലെ മുഖ്യമന്ത്രിയായിരിക്കുമ്പോൾ മെട്രോ നിർമ്മാണം ആരംഭിച്ച സന്ദർഭത്തിൽ മെട്രോയുടെ പ്രിപ്പറേറ്ററി വർക്ക് നടത്തുന്നതിന്റെ ഭാഗമായി 25 കോടി രൂപ നൽകുകയും ആ തുകയുപയോഗിച്ച് 111.41 ആർ ഭൂമി ഏറ്റെടുത്തിട്ടുള്ളതുമാണ്. 2016-2017 കാലഘട്ടത്തിൽ ഈ പദ്ധതി കിഫ്ബി ഏറ്റെടുത്തതിനെത്തുടർന്ന് 2021-ൽ KRFB(Kerala Road Fund Board) ഈ റോഡിന്റെ നിർമ്മാണ പ്രവൃത്തി ഏറ്റെടുത്തു. 212 വ്യത്യസ്ത സർവെ നമ്പരുകളിലായി 3.65 ഹെക്ടർ സ്ഥലമാണ് ഇനി ഏറ്റെടുക്കാനുള്ളത്. KRFB ഇതിന്റെ ബൗണ്ടറി ഫിക്സ് ചെയ്ത് രണ്ടുസൈഡിലും കല്ലിട്ട് പോയിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. RTK Machine ഉപയോഗിച്ച് സാറ്റലൈറ്റുമായി ബന്ധപ്പെടുത്തി ഒരു ഡിജിറ്റൽ സർവെ നടത്തിയാൽ മാത്രമേ ഓരോ വ്യക്തിയും റോഡിനുവേണ്ടി എത്ര ഭൂമിയാണ് നൽകേണ്ടതെന്നതിനെ സംബന്ധിച്ച

തീരുമാനമെടുക്കാൻ കഴിയൂ. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ജില്ലാ കളക്ടർ 5 സർവെയർമാരെയും ഒരു ഡ്രാഫ്റ്റ്സ്മാനെയും നിയമിക്കാൻ ഉത്തരവിട്ടിട്ടുള്ളതാണ്. പക്ഷേ ആവശ്യമായ ആളുകളെ നിയമിക്കാൻ റവന്യൂ വകുപ്പിന് കഴിയാത്തതിനാൽ ആ പ്രവൃത്തി അപ്രകാരംതന്നെ നിൽക്കുകയാണ്. അതുമായി ബന്ധപ്പെട്ട സർവെ നടപടികൾ പൂർത്തീകരിക്കാത്തതുമൂലം BVR, DVS എന്നിവ നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. അത് നിർമ്മിച്ചാൽ മാത്രമേ ഓരോ വ്യക്തികളുടെയും എത്ര ഭൂമിയാണ് എടുക്കേണ്ടത് എന്നതുസംബന്ധിച്ച നടപടികൾ പൂർത്തീകരിക്കാനും അതിനെത്തുടർന്നുള്ള 19(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാനും കഴിയൂ. നിലവിൽ 11(1) നോട്ടിഫിക്കേഷനിൽ നിൽക്കുകയാണ്. കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാക്കുന്നതിനുള്ള അടിയന്തരപ്രാധാന്യമുള്ള പ്രവൃത്തിയായതിനാൽ എത്രയും പെട്ടെന്ന് ഭൂമിയേറ്റെടുത്ത് KRFB-യ്ക്ക് കൈമാറി റോഡുനിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർഥിക്കാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, എറണാകുളം നിയോജകമണ്ഡലത്തിലെ തമ്മനം-പുല്ലേപ്പടി റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതിക്ക് സർക്കാർ ഉത്തരവുപ്രകാരം 10-07-2017-ന് നൂറ് കോടി രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിനുള്ള സ്ഥലമേറ്റെടുപ്പിനായി കിഫ്ബിയിൽനിന്നും 93.89 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. അംഗീകരിച്ച അലൈൻമെന്റ് പ്രകാരം അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുമുണ്ട്. നിലവിൽ റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമിയേറ്റെടുക്കുന്നതിനുള്ള 11/1 വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന ഘട്ടത്തിലാണ്. ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി 19/1 വിജ്ഞാപനം പ്രസിദ്ധീകരിച്ചശേഷം അതിന് സാങ്കേതികാനുമതി നൽകുന്നതാണ്. ബഹുമാനപ്പെട്ട ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് സർവെയർമാരെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഭൂമിയേറ്റെടുക്കുന്നതിനുള്ള പ്രവൃത്തി അടിയന്തരമായി പൂർത്തീകരിച്ചതിനുശേഷം സാങ്കേതികാനുമതി നൽകുന്നതാണ്.

*22-06-2026*
*Submission*

(8) പള്ളിനട ഭാഗത്ത് അണ്ടർപാസ് അനുവദിക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. കെ. വൽസരാജ്: സർ, ഞാൻ പ്രതിനിധാനം ചെയ്യുന്ന കയ്പമംഗലം നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന ദേശീയപാത 66-ന്റെ നിർമ്മാണം അതിവേഗത്തിൽ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ ശ്രീനാരായണപുരം പഞ്ചായത്തിലെ പള്ളിനടഭാഗത്ത് അണ്ടർപാസ് ഇല്ലാത്തതിനാൽ സാധാരണക്കാരായ ജനങ്ങൾ വലിയ ബുദ്ധിമുട്ട് അനുഭവിക്കുന്ന അവസ്ഥയാണുള്ളത്. പള്ളിനട ജങ്ഷനിലെ റോഡിന്റെ കിഴക്കുഭാഗത്ത് വില്ലേജ് ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ, റേഷൻ കട ഉൾപ്പെടെയുള്ള സ്ഥാപനങ്ങളും റോഡിന്റെ പടിഞ്ഞാറ് ഭാഗത്ത് ഗ്രാമപഞ്ചായത്ത്, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, എം.എൽ.എ. ഓഫീസ്, സഹകരണ ബാങ്ക് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്നുണ്ട്. ധാരാളം ഉൾനാടൻ മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന ഒരു മേഖല കൂടിയാണിത്. ഇവർക്ക് പലപ്പോഴും ഈ പ്രദേശത്തുകൂടി സഞ്ചരിക്കേണ്ടതായിട്ടുണ്ട്. ഒരു കിലോമീറ്ററോളം ദൂരം വടക്കോട്ടോ, തെക്കോട്ടോ സഞ്ചരിച്ചാൽ മാത്രമേ അവർക്ക് അടിപ്പാതയിൽ എത്താൻ സാധിക്കുകയുള്ളൂ. ഇതുമൂലം വിദ്യാർഥികൾ, തൊഴിലാളികൾ, വൃദ്ധജനങ്ങൾ ഉൾപ്പെടെ റോഡിൽ മരക്കോണി ചാരിവച്ച് അതിലൂടെ കയറി റോഡിന് കുറുകെ കടക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഇത് വലിയ അപകടങ്ങൾ ഉണ്ടാക്കുമെന്ന് നമുക്ക് അറിയാവുന്ന കാര്യമാണ്. എം.എൽ.എ. ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ നിരന്തരമായി ആവശ്യപ്പെട്ടിട്ടും ഈ ഭാഗത്ത് ഇതുവരെയും ഒരു അടിപ്പാത അനുവദിച്ചിട്ടില്ല. പാലത്തിന് കുറുകെ ഒരു നടപ്പാത തത്വത്തിൽ അനുവദിച്ചിട്ടുണ്ടെങ്കിലും സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ തടസ്സപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ അണ്ടർപാസ് അനുവദിക്കുന്നതിലൂടെ ഇതിനൊരു ശാശ്വത പരിഹാരം കണ്ടെത്താൻ സാധിക്കുന്നതാണ്. ഇത്തരത്തിലുള്ള ഒരു ആവശ്യം കൊടുങ്ങല്ലൂരിൽ ഉന്നയിക്കുകയും പൊലീസ് സർക്കിൾ ഓഫീസിന്റെ പരിസരത്ത് അടുത്തകാലത്ത് അടിപ്പാത അനുവദിച്ച് നൽകിയിട്ടുമുണ്ട്. അതിനാൽ ശ്രീനാരായണപുരം പഞ്ചായത്തിലെ പള്ളിനടഭാഗത്ത് ഒരു അടിപ്പാത നിർമ്മിച്ച് ജനങ്ങളുടെ പ്രയാസത്തിന് പരിഹാരമുണ്ടാക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുകയാണ്.

*22-06-2026*
*Submission*

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, ദേശീയപാത അതോറിറ്റിയുടെ സാങ്കേതിക മേൽനോട്ടത്തിലാണ് സംസ്ഥാനത്തെ ദേശീയപാത 66-ന്റെ നിർമ്മാണം നടക്കുന്നത്. പുതുതായി അടിപ്പാതകൾ നിർമ്മിക്കുന്നതിനുള്ള Change of Scope പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള വിവേചനാധികാരം ദേശീയപാത അതോറിറ്റിയിൽ നിക്ഷിപ്തമാണ്. ദേശീയ പാത 66-ന്റെ പള്ളിയറ ഭാഗത്തെ പ്രധാന റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചു. അതിനാൽ ഈ ഘട്ടത്തിൽ ഒരു ഫ്ലൈഓവർ നിർമ്മിക്കുന്നത് നിലവിൽ അംഗീകരിച്ചിട്ടുള്ള പ്രോജക്ട് പ്ലാനിൽ ഉൾപ്പെടുത്താൻ സാധിക്കില്ല. ജനപ്രതിനിധികളും പ്രദേശവാസികളും ഉന്നയിച്ച ആശങ്കകൾ പരിഗണിച്ചുകൊണ്ട് കാൽനടയാത്രക്കാർക്ക് സുരക്ഷിതമായി റോഡ് മുറിച്ചുകടക്കുന്നതിനായി പള്ളിനടയിൽ കിലോമീറ്റർ 390/860 ഒരു ഫൂട്ട് ഓവർബ്രിഡ്ജ് (നടപ്പാലം) നിർമ്മിക്കുന്നതിനുള്ള നിർദേശത്തിന് ദേശീയപാത അതോറിറ്റി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യം ഒരിക്കൽക്കൂടി പരിശോധിക്കാം. നാഷണൽ ഹൈവേ അതോറിറ്റി ഫൂട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള അംഗീകാരമാണ് നൽകിയിട്ടുള്ളതെന്ന കാര്യം സഭയെ അറിയിക്കുന്നു.

(9) ലൈഫ് മിഷൻ പദ്ധതിപ്രകാരം കൈമാറിയ അപ്പാർട്ട്മെന്റുകളുടെ ശോച്യാവസ്ഥ

ശ്രീ. മുഹമ്മദ് ഷിയാസ്: സർ, കൊച്ചിയിലെ മുണ്ടംവേലിയിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പി ആൻഡ് ടി നിവാസികൾക്കുവേണ്ടി ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി (GCDA) നിർമ്മിച്ച് നൽകിയ അപ്പാർട്ട്മെന്റിന്റെ നിർമ്മാണത്തിലെ അപാകതയും സുരക്ഷാ ഭീഷണിയും അഴിമതിയും തുറന്ന് കാണിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഏകദേശം അൻപത് വർഷങ്ങളായി കൊച്ചിയിലെ പേരണ്ടൂർ കനാലിന്റെ വശങ്ങളിലായി എൺപത്തിരണ്ട് കുടുംബങ്ങളിൽനിന്നും നാന്നൂറോളം പേരാണ് വേലിയേറ്റ സമയത്തും മഴക്കാലത്തും ചെളിയിലും വെള്ളത്തിലുമായി ജീവിച്ചിരുന്നത്. ഈ വിഷയം പലപ്രാവശ്യം നാടിന്റെ ശ്രദ്ധയിൽപ്പെടുകയും അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികളാണ് ലൈഫ് മിഷന്റെ ഭാഗത്തുനിന്നും നടത്തിയത്. ലൈഫ് മിഷൻ ഭവന സമുച്ചയം

നിർമ്മിക്കുന്നതിനുവേണ്ടി 2018-ൽ മുണ്ടംവേലിയിലെ ജി.സി.ഡി.എ.-യുടെ ഭൂമിയിലാണ് ശിലാസ്ഥാപന കർമ്മം നടന്നത്. 2023 സെപ്റ്റംബർ മാസം ഭവന സമുച്ചയത്തിന്റെ പണി പൂർത്തീകരിക്കുകയും 2024-ൽ അന്നത്തെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവരെ പുനരധിവസിപ്പിക്കുകയും ചെയ്തു. രണ്ടുമാസത്തിനുശേഷം പെയ്ത മഴയിൽ ഈ ഭവനസമുച്ചയം മുഴുവനും ചോർന്നൊലിക്കുകയും അൻപത് വർഷക്കാലമായി പെരണ്ടൂർ കനാലിന്റെ വശങ്ങളിൽ കഴിഞ്ഞിരുന്നപ്പോൾ അനുഭവിച്ചതിനെക്കാൾ കൂടുതൽ കഷ്ടപ്പാടുകളും ദുരിതങ്ങളും ആ കുടുംബങ്ങൾക്ക് ഈ രണ്ടരവർഷക്കാലം അനുഭവിക്കേണ്ടിവന്നു എന്നതാണ് യാഥാർത്ഥ്യം. 110 കെ.വി, 64 കെ.വി. ലൈനുകൾ കടന്നുപോകുന്ന സ്ഥലത്താണ് പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഈ ഭവന സമുച്ചയം നിർമ്മിച്ചത്. ഇരുമ്പും തകിട് ഷീറ്റും ഉപയോഗിച്ച് പുതിയ കാലഘട്ടത്തിനനുസരിച്ച് നിർമ്മിച്ചിരിക്കുന്ന ഈ സമുച്ചയത്തിൽ മഴക്കാലത്തെ കാറ്റിൽ ലൈറ്റ്, ഫാൻ, ടി.വി. തുടങ്ങിയ ഉപകരണങ്ങൾ നിരന്തരം കേടാകുന്നത് ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ജീവിക്കാൻ സുരക്ഷിതമായ സ്ഥലമല്ലായെന്നത് അവർ മനസ്സിലാക്കുന്നു. നിർദിഷ്ട ഭവന സമുച്ചയത്തിൽ വെള്ളം ചോർന്ന് ഒലിക്കുകയാണ്. നാലാമത്തെ നിലയിൽ വസിക്കുന്ന ഒരാൾ ബാത്റൂമിലെ വാട്ടർടാപ്പ് ഓണാക്കുകയാണെങ്കിൽ ഏറ്റവും താഴത്തെ നിലയിലുള്ള അടുക്കളയിലും ബെഡ് റൂമുകളിലും ഈ മലിനജലം ഒഴികിയെത്തുന്ന സാഹചര്യവും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ആ തകിടുകൾ മുഴുവൻ തകർന്ന് തരിപ്പണമായിരിക്കുകയാണ്. ഭവന സമുച്ചയ നിർമ്മാണത്തിൽ ഏറ്റവും വലിയ അഴിമതിയാണ് ഉണ്ടായിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിന്റെ ബലക്ഷയത്തെ സംബന്ധിച്ചും ആശങ്കയുണ്ടായിട്ടുണ്ട്. ഈ ഭവന സമുച്ചയത്തിൽ ലിഫ്റ്റോ അതുമായി ബന്ധപ്പെട്ട സൗകര്യങ്ങളോ ഉണ്ടായിരുന്നില്ല. നാലാമത്തെ നിലയിൽ താമസിച്ചിരുന്ന ഇരുപത്തി ഒൻപത് വയസ്സുള്ള ഒരു പെൺകുട്ടിക്ക് അസുഖം മൂർച്ഛിച്ചതിനെതുടർന്ന് താഴെ കൊണ്ടുവരുന്നതിനിടയിൽ മരണപ്പെടുന്ന സാഹചര്യമുണ്ടായി. കെട്ടിട നിർമ്മാണത്തിലെ ചട്ടങ്ങൾ പാലിക്കാതെ പണിത ഒരു സമുച്ചയമാണ് മുണ്ടംവേലിയിലെ ലൈഫ് മിഷൻ ഭവന സമുച്ചയം. ഗുരുതരമായ രോഗങ്ങൾ ബാധിച്ച നിരവധി ആളുകൾ അവിടെ താമസിക്കുന്നുണ്ട്. ആ ഭവന സമുച്ചയത്തിൽ കയറാനും ഇറങ്ങാനും സാധിക്കാത്ത ഗുരുതരമായ സാഹചര്യം

നിലനിൽക്കുകയാണ്. ഈ ഭവന സമുച്ചയത്തിൽ ജീവിക്കുന്ന ആളുകൾക്ക് മാന്യമായൊരു ജീവിതം നൽകാൻ കഴിഞ്ഞ സർക്കാരിന് സാധിച്ചിട്ടില്ല. ഇത് സുരക്ഷിതമായ ഭവന സമുച്ചയം തന്നെയാണോയെന്ന് സർക്കാർ പരിശോധന നടത്തുകയും അവിടെ ജീവിക്കാൻ കഴിയുന്ന സാഹചര്യമില്ലെങ്കിൽ അവിടത്തെ ജനങ്ങളെ പുനരധിവസിപ്പിക്കാനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കുകയും വേണം. ലൈഫ് മിഷൻ ഭവന സമുച്ചയ നിർമ്മാണത്തിൽ അഴിമതി നടത്തിയ വ്യക്തികൾക്കെതിരെ ഒരു വിജിലൻസ് എൻക്വയറി നടത്തി അവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരികയും ചെയ്യണം. അങ്ങനെ ചെയ്തില്ലെങ്കിൽ കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ഏറ്റവും വലിയ പദ്ധതിയായി ഉയർത്തിക്കാണിച്ച ലൈഫ് മിഷൻ ഭവന പദ്ധതി ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണ ഉളവാക്കുന്ന ഒന്നായി മാറുകയും ചെയ്യും. നാന്നൂറോളം പേർക്ക് ജീവിക്കാൻ സാധിക്കാത്ത ഈ സാഹചര്യം അടിയന്തരമായി പരിഹരിക്കാൻ സർക്കാർ എന്ത് മാർഗമാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ഷാജി): സർ, തേവര-പേരണ്ടൂർ കനാലിന്റെ കരകളിൽ അതീവ ദയനീയ സാഹചര്യത്തിൽ താമസിച്ചിരുന്ന പി ആൻഡ് ടി കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ലൈഫ് മിഷൻ സി.ഇ.ഒ.-യുടെ നിർദേശാനുസരണം നവീന നിർമ്മാണ സാങ്കേതിക വിദ്യകൾ സ്വീകരിച്ച് പ്രീ-എഞ്ചിനിയറിങ് ബിൽഡിങ് ഘടനയായി ആണിത് രൂപകല്പന ചെയ്തത്. ഇതിനായി വിശാല കൊച്ചി വികസന അതോറിറ്റി മുണ്ടംവേലിയിലെ 70 സെന്റ് ഭൂമി സൗജന്യമായി നൽകുകയുണ്ടായി. അംഗീകൃത അക്രെഡിറ്റഡ് ഏജൻസിയായ ടി.ഡി.എൽ.സി.സി.-യെ ആണ് പി.എം.സി. കോൺട്രാക്ടർ എന്ന നിലയിൽ നിർമ്മാണ ചുമതല ഏല്പിച്ചത്. ഐ.ഐ.ടി. മദ്രാസ് മുഖേന പ്രവൃത്തിയുടെ സ്ട്രക്ച്ചറൽ വെറ്റിങ് നടത്തുകയും സർക്കാർതല ടെക്നിക്കൽ കമ്മിറ്റിയുടെ സാങ്കേതികാനുമതി ലഭ്യമാക്കി നടപ്പാക്കുകയും ചെയ്തു. ഫയർ എൻ.ഒ.സി., ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള എൻ.ഒ.സി., കെട്ടിട നമ്പർ, വൈദ്യുതി, കുടിവെള്ള കണക്ഷനുകൾ എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്. കൊച്ചി കോർപ്പറേഷൻ പരിശോധന നടത്തി നൽകിയ ഒക്യുപ്പെൻസി

*22-06-2026*
*Submission*

സർട്ടിഫിക്കറ്റ് ലഭ്യമായതിനെത്തുടർന്ന് 2024 ജനവരി 30-നാണ് ഫ്ലാറ്റുകൾ ഗുണഭോക്താക്കൾക്ക് കൈമാറിയത്. അതിനുശേഷമുണ്ടായ മഴക്കാലത്ത് കെട്ടിടത്തിന് ചോർച്ചകളും അനുബന്ധ തകരാറുകളും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ തകരാറുകൾ കണ്ടെത്തി പരിഹാരം നിർദേശിക്കുന്നതിനായി 28-05-2025-ലെ 1317/2025 സർക്കാർ ഉത്തരവുപ്രകാരം ഐ.ഐ.ടി. മദ്രാസിനെ കൺസൾട്ടൻസിയായി ചുമതലപ്പെടുത്തിയിരുന്നു. ഐ.ഐ.ടി. മദ്രാസ് നൽകിയ റിപ്പോർട്ടിൽ കെട്ടിടം വാസയോഗ്യമല്ലെന്ന് പരാമർശിച്ചിട്ടില്ല. 110 കെ.വി. ലൈനിൽനിന്നും നിർദിഷ്ട അകലം പാലിക്കുന്നില്ലെന്ന് കെ.എസ്.ഇ.ബി.എൽ. ലൈൻ മെയിന്റനൻസ് സെക്ഷനിൽനിന്നും വിശാല കൊച്ചി വികസന അതോറിറ്റിക്ക് നോട്ടീസ് ലഭിച്ചിരുന്നു. എന്നാൽ എല്ലാ അനുമതികളും എൻ.ഒ.സി.-കളും ലഭ്യമാക്കിയ ശേഷമാണ് കൊച്ചി നഗരസഭ ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചത്. അതിനുശേഷം യാതൊരുവിധ കൂട്ടിച്ചേർക്കലുകളും പ്രസ്തുത കെട്ടിടത്തിൽ നടത്തിയിട്ടില്ല. നിലവിൽ ലഭ്യമായ അനുമതികളുടെ വിശദാംശങ്ങൾ സഹിതം കെ.എസ്.ഇ.ബി.എൽ.-ന് വിശാല കൊച്ചി വികസന അതോറിറ്റി മറുപടി നൽകിയിട്ടുണ്ട്. ഐ.ഐ.ടി. മദ്രാസ് നൽകിയ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള പരിഹാര മാർഗങ്ങൾ നടപ്പിലാക്കുന്നതിലുള്ള സാങ്കേതികവും നിയമപരവും ഭരണപരവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടി വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി 12-06-2026-ൽ കത്ത് സമർപ്പിച്ചിരുന്നു. പ്രസ്തുത കത്തിന്റെയും 29-05-2026-ലെ ഐ.ഐ.ടി. മദ്രാസിന്റെ പുതുക്കിയ അന്തിമ റിപ്പോർട്ടിന്റെയും പകർപ്പ് സഹിതം ലഭ്യമാക്കിക്കൊണ്ട് ഈ വിഷയത്തിൽ വിശദമായ പരിശോധന നടത്തി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ പരാമർശിച്ച കാര്യങ്ങൾ ഗൗരവമുള്ളതായതിനാൽ ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തുടരന്വേഷണങ്ങൾ ആവശ്യമാണോയെന്ന് പരിശോധിക്കുകയും ഗുണഭോക്താക്കൾക്ക് അപ്പാർട്ടുമെന്റുകൾ വാസയോഗ്യമാക്കി നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി നടത്തുകയും ചെയ്യുമെന്നുകൂടി സഭയെ അറിയിക്കുന്നു.

*22-06-2026*
*Submission*

(10) ഫിഫ ഫുട്ബോൾ പ്രദർശന മത്സരത്തിന് ലൈസൻസ് ഫീസ് ഏർപ്പെടുത്തിയ നടപടി

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കക്ഷി രാഷ്ട്രീയമന്യേ എല്ലാവരും ഒന്നിച്ചുനിൽക്കേണ്ട ഒരു വിഷയമാണ് സബ്മിഷനായി ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. ഈ സഭയിൽ വ്യത്യസ്ത യുവജന സംഘടനകളുടെ നേതൃനിരയിൽ പ്രവർത്തിക്കുന്ന ധാരാളം വ്യക്തികളുണ്ട്. എല്ലാവരും ഒന്നിച്ചുനിന്ന് നിലപാട് സ്വീകരിക്കേണ്ട വിഷയമാണിത്. ഫുട്ബോൾ കേരളത്തിന്റെ ഒരു വികാരമാണ്, അത് ഒരു കച്ചവടച്ചരക്കല്ല. മൈതാനങ്ങളിൽനിന്നും പൊതുസ്ക്രീനുകളിലേക്ക് ജനങ്ങളെ ഒന്നിപ്പിക്കുന്ന ഉത്സവകാലമാണ് ലോകകപ്പ് കാലം. കേരളത്തിലെ ഫുട്ബോൾ ആവേശം ലോകം ശ്രദ്ധിച്ച കാര്യമാണ്. 2022-ലെ ലോകകപ്പ് മത്സരത്തെ കേരളം കൊണ്ടാടിയത് ഫിഫ വെബ്സൈറ്റിലുൾപ്പെടെ വലിയ നിലയിൽ അവതരിപ്പിക്കുകയുണ്ടായി. ലോകകപ്പ് ഫുട്ബോൾ പ്രദർശനത്തിന്റെ ഭാഗമായി പല സ്ഥലങ്ങളിലും പൊതുസ്ക്രീൻ വയ്ക്കുന്നത് ഓരോരുത്തരും കൈയിൽനിന്ന് ചെറിയ തുകയിട്ടും വളരെ ബുദ്ധിമുട്ടിയുമാണ്. ആ പ്രദർശനം കാണാൻ പ്രായഭേദമന്യേ നിരവധി ആളുകൾ വരുന്നത് കാണാൻ സാധിക്കും. അത് നാടിന്റെ ഒരു കൂട്ടായ്മകൂടിയാണ്. എന്നാൽ സാധാരണക്കാരായ ഫുട്ബോൾ പ്രേമികളെയും പ്രാദേശിക ക്ലബ്ബുകളെയും സംഘടനകളെയും ആശങ്കയിലാഴ്ത്തുന്ന നീക്കമാണ് ഫിഫ ലോകകപ്പ് ഫുട്ബോളിന്റെ ഇന്ത്യയിലെ ഔദ്യോഗിക മീഡിയ അവകാശങ്ങൾ സ്വന്തമാക്കിയ സീ എന്റർടൈൻമെന്റ് എന്റർപ്രൈസസ് ലിമിറ്റഡിന്റെയും കേരളത്തിലും മാഹിയിലും പൊതുസ്ക്രീനിലുള്ള ലൈസൻസിങ് അധികാരമുള്ള ഈഗിൾസ് എഫ്.സി. കേരള എന്ന ഏജൻസിയുടെയും ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. ലാഭേച്ഛയോടെ അല്ലാതെ ജനകീയമായി ലോക കപ്പ് മത്സരങ്ങൾ പൊതുസ്ഥലങ്ങളിൽ സ്ക്രീൻ ചെയ്യുന്നതിന് ലൈസൻസ് ഫീസ് ഈടാക്കുമെന്ന് കാണിച്ച് വിവിധ നാട്ടിൻപുറങ്ങളിലെ ക്ലബ്ബുകൾക്കും കൂട്ടായ്മകൾക്കും ഇതിനകം അറിയിപ്പുകൾ ലഭിച്ച് തുടങ്ങിയിരിക്കുകയാണ്. ഇത് സാധാരണക്കാരനെ പിഴിയുന്ന കോർപ്പറേറ്റ് യുക്തിയാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്കും ഈ വിഷയം അറിയാമെന്ന് ഞാൻ കരുതുകയാണ്. നിയമ നടപടികളുണ്ടാകുമെന്ന ഭയത്താൽ പൊതുസ്ക്രീൻ ആരംഭിച്ച ആയിരക്കണക്കിന് സ്ഥലങ്ങളിൽ സംഘാടകർ കടുത്ത ആശങ്കയിലാണ്.

ഇതുമായി ബന്ധപ്പെട്ട് നിരവധി നിവേദനങ്ങൾ എനിക്ക് ലഭിച്ചിട്ടുണ്ട്. ഇപ്രകാരം പലർക്കും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. ഈ സാഹചര്യത്തിൽ ഫിഫ ഫുട്ബോൾ പ്രദർശന മത്സരത്തിന് പൂർണ്ണമായ ഫീസ് ഒഴിവാക്കാൻ ലൈസൻസിങ് ഏജൻസികളുമായും കേന്ദ്ര സർക്കാരുമായും അടിയന്തര ചർച്ച നടത്താൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പുമന്ത്രിയോടും പ്രതിപക്ഷ നേതാവിനോടും ഈ വിഷയത്തെക്കുറിച്ച് സംസാരിച്ചിരുന്നു. എല്ലാവരും അനുകൂല നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. ആയതിനാൽ നമുക്കെല്ലാവർക്കും ചേർന്നുകൊണ്ട് ഈ വിഷയത്തിൽ കൂട്ടായ നീക്കം നടത്തി ഇതിനൊരു പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പുമന്ത്രി (<u>ശ്രീ. ഒ. ജെ. ജനീഷ്</u>): സർ, 2026-ലെ ഫിഫ ലോക കപ്പ് മത്സരത്തിന്റെ ഇന്ത്യയിലെ സംപ്രേക്ഷണാവകാശം ലഭിച്ചിരിക്കുന്നത് സീ എന്റർടൈൻമെന്റ് എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ്. ഇതിന്റെ ഓൺലൈൻ സ്ട്രീമിങ് അവകാശം അവരുടെതന്നെ സഹോദരസ്ഥാപനമായ സീ 5-നുമാണ് ലഭിച്ചിരിക്കുന്നത്. കേരളത്തിലെ ലൈവ് സ്ട്രീമിങ്ങിനുള്ള അവകാശം സീ 5-ൽ നിന്നും കേരളത്തിലെ ഫുട്ബോൾ ക്ലബ്ബായ ഈഗിൾസ് ഫുട്ബോൾ ക്ലബ്ബ്, കേരളം എന്ന സ്ഥാപനം സ്വന്തമാക്കിയതായി പത്രവാർത്തയിൽനിന്ന് അറിയാൻ സാധിച്ചിട്ടുണ്ട്. ഇതനുസരിച്ച് വാണിജ്യസ്ഥാപനങ്ങൾ, പ്രാദേശിക കൂട്ടായ്മകൾ, റസിഡൻസ് അസോസിയേഷൻ എന്നിവർക്കെല്ലാം കേരളത്തിൽ ലൈവ് സ്ട്രീമിങ് കാണിക്കണമെങ്കിൽ അവരുടെ ലൈസൻസ് ആവശ്യമായിവരുമെന്ന ആശങ്ക ഫുട്ബോൾ പ്രേമികളുയർത്തുന്നുണ്ട്. ഫിഫ ലോകകപ്പ് ഫുട്ബോൾ സംപ്രേക്ഷണാവകാശവുമായി ബന്ധപ്പെട്ട് ഫിഫയും സീ എന്റർടൈൻമെന്റ് എന്റർപ്രൈസസ് ലിമിറ്റഡും തമ്മിൽ ഒപ്പുവയ്ക്കുന്ന കരാറിൽ സംസ്ഥാന സർക്കാരുകൾ സ്റ്റേക്ക്ഹോൾഡറല്ല. കരാർ വ്യവസ്ഥകളൊന്നുംതന്നെ പൊതുമണ്ഡലത്തിൽ ലഭ്യമായിരുന്നില്ല. വാണിജ്യ സ്ഥാപനങ്ങൾ, മാളുകൾ എന്നിവർ അവരുടെ കച്ചവട താൽപര്യത്തിനായി ചെയ്യുന്ന ലൈവ് സ്ട്രീമിങ്ങും

*22-06-2026*
*Submission*

കായിക പ്രേമികൾ, ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷൻ എന്നിവയുടെ നേതൃത്വത്തിൽ പ്രവേശന ഫീസ് വാങ്ങാതെ സൗജന്യമായി നടത്തുന്ന ലൈവ് സ്ക്രീമിങ്ങും രണ്ടായിട്ടാണ് സർക്കാർ കാണുന്നത്. ഫുട്ബോൾ പ്രേമികളുടെ നേതൃത്വത്തിൽ സൗജന്യമായി ചെയ്യുന്ന ലൈവ് സ്ക്രീമിങ്ങിന് തടസ്സമുണ്ടാകരുത് എന്നുതന്നെയാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഇതുസംബന്ധിച്ച് കായിക പ്രേമികൾക്കുണ്ടായ ആശങ്ക സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട ഉടനെത്തന്നെ ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുമായി ആശയവിനിമയം നടത്താൻ കായിക വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ഇക്കാര്യത്തിൽ ആശാവഹമായ പുരോഗതിയാണുണ്ടായിട്ടുള്ളത്. പൊതുസ്ഥലങ്ങളിൽ ഫിഫ ലോകകപ്പ് മത്സരങ്ങൾ ലാഭേച്ഛയില്ലാതെയും കച്ചവട താൽപര്യമില്ലാതെയും കായിക പ്രേമികളും ജനകീയ കൂട്ടായ്മകളും ക്ലബ്ബുകളും റസിഡൻസ് അസോസിയേഷനുകളും സൗജന്യമായി സംഘടിപ്പിക്കുന്ന പബ്ലിക് സ്ക്രീമിങ് തടസ്സമില്ലാതെ നടത്തുന്നതിനുള്ള സൗകര്യമൊരുക്കുന്നതിൽ അടിയന്തരമായ ഒരു തീരുമാനത്തിലെത്താൻ സാധിക്കുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ. ഇതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള ചർച്ചകളിലെല്ലാം വളരെ പോസിറ്റീവായ പ്രതികരണങ്ങളാണ് ഇതിന്റെ ലൈസൻസ് ഹോൾഡറായുള്ള സ്ഥാപനങ്ങളിൽനിന്ന് ലഭിച്ചിട്ടുള്ളത്. വളരെ വേഗത്തിൽ അതിനൊരു തീരുമാനമുണ്ടാകും. കേരളത്തിലെ ഫുട്ബോൾ ആരാധകർക്ക് നിരാശപ്പെടേണ്ടിവരുന്ന സാഹചര്യമുണ്ടാകില്ലെന്നാണ് പറയാനുള്ളത്.

<u>മി. സ്പീക്കർ</u>: ഇത്രയേറെ പ്രാധാന്യം നൽകുന്ന വിഷയത്തിന്മേൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭിപ്രായം എന്താണ്?

മുഖ്യമന്ത്രി (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, പ്രസ്തുത വിഷയത്തിന്മേൽ ബഹുമാനപ്പെട്ട കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പുമന്ത്രിയുമായി സംസാരിച്ചിട്ടുണ്ട്. എത്രയും വേഗം പബ്ലിക് സ്ക്രീനിങ്ങിനുള്ള സംവിധാനം ചെയ്യാം. അവർക്ക് ഫിഫയുടെ അനുവാദം ലഭ്യമാക്കുന്നതിന് തടസ്സമുണ്ട്. ഫിഫയുടെ അനുവാദം ലഭിച്ചാൽ അക്കാര്യത്തിൽ സർക്കാരിന് വളരെ പോസിറ്റീവായ സമീപനമാണുള്ളത്. അതിനാവശ്യമായ നടപടികൾ ബഹുമാനപ്പെട്ട കായികം,

*22-06-2026*
*Submission*

യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തുന്നുണ്ട്.